ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക
2022 ജൂലൈ 7 | ദീപം 55 | നാളം 18 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org

# പൂർവികരിലൂടെ ലഭിച്ച വിശ്വാസം

# നമ്മുടെ കരങ്ങളിൽ ഭദ്രമാണോ?



മാർ പീറ്റർ കൊച്ചുപുരയ്ക്കൽ

ഭാരതമണ്ണിൽ ക്രൈസ്തവവിശ്വാസത്തിന്റെ തിരി തെളിച്ചത് പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാളായിരുന്ന തോമാശ്ലീഹായാണ്. യേശുവിന്റെ പരസ്യജീവിതാരംഭത്തിൽത്തന്നെ അദ്ദേഹം ദിവ്യഗുരുവിനെ അനുഗമിച്ചുവെന്ന് സുവിശേഷവിവരണങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കാവുന്നതാണ്. ഭാരതത്തിന്റെ അപ്പസ്തോലൻ എന്നറിയപ്പെടുന്ന തോമാശ്ലീഹാ ഭാരതമണ്ണിൽത്തന്നെ വിശ്വാസത്തെപ്രതി രക്തസാക്ഷിത്വം വരിച്ചു. അതിന്റെ ഓർമ ദുക്റാനത്തിരുനാളായി നാം ആചരിക്കുന്നു. പാരമ്പര്യങ്ങളുടെ വെളിച്ചത്തിൽ തോമാശ്ലീഹായുടെ ധീരമൃത്യുവിന്റെ 1950-ാം വർഷത്തിൽ നാം എത്തിയിരിക്കുകയാണ്.

യേശുവിന്റെ നേർശിഷ്യനാണ് തോമാശ്ലീഹാ. യേശുവിന്റെ കൂടെ നടന്ന ആൾ. യേശുവിനെ നേരിട്ടു കാണുകയും കേൾക്കുകയും മനസ്സിലാക്കുകയും ചെയ്ത ആൾ. യേശു പ്രവർത്തിച്ചതിന്റെയും പഠിപ്പിച്ചതിന്റെയും പൊരുൾ അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ബോധ്യപ്പെട്ട ശിഷ്യൻ. പ്രസംഗിക്കേണ്ട സുവിശേഷത്തെക്കുറിച്ചുള്ള അറിവിന്റെ പൂർണതയിലേക്കു പരിശുദ്ധാത്മാവ് നയിച്ചവരിൽ ഒരുവൻ. യേശുവിനെക്കുറിച്ച് ആധികാരികമായി പ്രസംഗിക്കാനും പഠിപ്പിക്കാനും പ്രാപ്തി ലഭിച്ചവൻ. അവസാനം യേശുവിനുവേണ്ടി മരിച്ചവൻ. ഭാരതത്തിന്റെ ധീരനായ അപ്പസ്തോലൻ.

തോമാശ്ലീഹായിൽനിന്നു നേരിട്ട് വിശ്വാസം സ്വീകരിച്ച നമ്മുടെ പൂർവികർ എത്രയോ ധീരരും ഭാഗ്യവാന്മാരുമാണ്! എത്ര ധന്യമാണ് നമ്മുടെ വിശ്വാസപൈതൃകം! തങ്ങൾക്കു ലഭിച്ച വിശ്വാസം അവികലം സൂക്ഷിച്ച് അടുത്ത തലമുറയ്ക്കു കൈമാറുന്നതിനു നമ്മുടെ പൂർവികർ നിഷ്ഠയുള്ളവരായിരുന്നു. ദാരിദ്ര്യവും രോഗവും നാശനഷ്ടങ്ങളും നേരിട്ടപ്പോഴും അവർ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിന്നു. ത്യാഗം, അധ്വാനം, പ്രാർത്ഥന എന്നിവകൊണ്ട് അവർ തങ്ങളുടെ വിശ്വാസജീവിതത്തിനു കോട്ട കെട്ടി. ഒരർത്ഥത്തിൽ അവരും രക്തസാക്ഷികളായി ജീവിച്ചുമരിച്ചവരാണ്. അവരെയെല്ലാം ആദരവോടെ ഓർക്കേണ്ട ദിവസമാണ് ദുക്റാന. അതുപോലെ, നമ്മുടെ വിശ്വാസകൈമാറ്റത്തിനും വിശ്വാസവളർച്ചയ്ക്കും കാരണമായ വ്യക്തികളെയും, അവരിൽ പ്രത്യേകിച്ച് വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയും നമുക്കു നന്ദിപൂർവം ഓർക്കാം.

നമ്മുടെ വിശ്വാസജീവിതത്തെക്കുറിച്ച് ഗൗരവമായും വിമർശനാത്മകമായും ചിന്തിക്കേണ്ട ഒരവസരമാണിത്. തോമാശ്ലീഹായിൽനിന്നു പൂർവികരിലൂടെ നമുക്കു ലഭിച്ച വിശ്വാസം നമ്മുടെ കരങ്ങളിൽ ഭദ്രമാണോ? 'വിശ്വാസിയാകാതെ അവിശ്വാസിയായിരിക്കുക' എന്ന ലൗകികപ്രലോഭനം ശക്തമായി നാം നേരിടുന്ന ഇക്കാലത്ത്, നാം ചെവികൊടുക്കുന്നത് 'അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക' (യോഹ. 20:27) എന്ന യേശുവചനത്തിനാണോ? 'കാണുകയും കേൾക്കുകയും ചെയ്തല്ലാതെ വിശ്വസിക്കുകയില്ല' എന്നു പറയുന്നവരുടെ കൂട്ടത്തിലാണോ നാം, അതോ 'കാണാതെ വിശ്വസിക്കുന്ന ഭാഗ്യവാന്മാരുടെ'ഗണത്തിലോ? (യോഹ. 20:29) യേശുവുമായുള്ള വ്യക്തിപരമായ അനുഭവം കൂടുതൽ ലഭ്യമാക്കാൻ അവസരം നഷ്ടപ്പെട്ടതിന്റെ ദുഃഖത്തിൽ



തോമാശ്ലീഹാ ഉദ്ഘോഷിച്ച വാക്കുകൾ വ്യവസ്ഥകളില്ലാതെ വിശ്വസിക്കാനുള്ള ആഹ്വാനത്തിൽ എത്തിനില്ക്കുന്നു.

നമ്മുടെ സഭയിൽ കഴിഞ്ഞ കുറെ വർഷങ്ങൾ വിശ്വാസത്തിന്റെ വസന്തകാലമായിരുന്നു. ബാഹ്യജീവിതത്തിൽ മാത്രമല്ല, ആന്തരികവ്യക്തിജീവിതത്തിലും അങ്ങനെതന്നെയായിരുന്നു. സഭാംഗങ്ങളിൽ വളരെയധികംപേർപൗരോഹിത്യംസ്വീകരിക്കാൻമുന്നോട്ടുവന്നു. ധാരാളം പേർ സമർപ്പിതജീവിതാവസ്ഥ സ്വീകരിച്ചു. മനുഷ്യവാസമുള്ള എല്ലാ ഭൂഖണ്ഡങ്ങളിലും ധാരാളം പ്രേഷിതർ നമ്മുടെ സഭയിൽനിന്ന് എത്തിച്ചേർന്നു. ആത്മീയപരിവർത്തനം നേടിക്കൊടുത്ത വലിയ വചനപ്രഘോഷകരും പ്രഘോഷണകേന്ദ്രങ്ങളും ഉയർന്നുവന്നു. വളരെയധികം ആളുകൾ വചനം പഠിക്കാൻ തത്പരരായി. ധാരാളം ദൈവാലയങ്ങൾ, ദൈവസാന്നിധ്യം അറിയിക്കുന്ന കുരിശുപള്ളികൾ എന്നിവയെല്ലാം സ്ഥാപിതമായി. പ്രവാസികൾക്കായി അജപാലനസൗകര്യങ്ങളും സംവിധാനങ്ങളും രൂപീകൃതമായി. പൗരോഹിത്യമോ സന്ന്യാസമോ സ്വീകരിക്കാതെതന്നെ സുവിശേഷത്തിനു സാക്ഷികളായി തങ്ങളെത്തന്നെ സ്വയം സമർപ്പിച്ച ധാരാളം കുടുംബസ്ഥർ സഭയിലുണ്ടായി. ആന്തരികവും ബാഹ്യവുമായ ഒരു വിശ്വാസമുന്നേറ്റത്തിന്റെ നല്ല നാളുകൾ നമുക്കുണ്ടായി.

ഇന്നത്തെ നമ്മുടെ വിശ്വാസജീവിതത്തിന്റെ പരിതാപകരമായ അവസ്ഥയെക്കുറിച്ച് ഏവർക്കും ബോധ്യമുണ്ട്. കൊറോണയുടെ സംഹാരതാണ്ഡവമാണ് ആ പരിതാപകരമായ അവസ്ഥയ്ക്കു കാരണമെന്നും പലരും വിലയിരുത്തുന്നു. കുട്ടികളുടെയും യുവജനങ്ങളുടെയും മുതിർന്നവരുടെയും വിശ്വാസജീവിതത്തിനു പരിക്കേറ്റിരിക്കുന്നുവോ എന്നു പ്രഥമദൃഷ്ട്യാ തോന്നിപ്പിക്കുന്ന അവസ്ഥാവിശേഷം നിലനിൽക്കുന്നു. ഇവിടെയാണ്- 'അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക' (യോഹ. 20:27) എന്ന യേശുവിന്റെ ആഹ്വാനത്തിന്റെ പ്രസക്തി നാം ഉൾക്കൊള്ളുന്നത്. വിശ്വാസത്തിനു മങ്ങലേല്ക്കാൻ പല കാരണങ്ങളും, വിശ്വാസത്തിന്റെതന്നെ പ്രതിസന്ധികളും ഉണ്ടായാലും ഈ തിരുവചനം മുറുകെപ്പിടിക്കാൻ തോമാശ്ലീഹായിലൂടെ യേശു നമ്മോട് ആവശ്യപ്പെടുകയാണ്.

നമ്മുടെ വിശ്വാസത്തിന് ഒരു ഉയിർപ്പ് ആവശ്യമായിത്തീർന്നിരിക്കുന്നു. അതു ലക്ഷ്യമാക്കിക്കൊണ്ടാണ് കേരള കത്തോലിക്കാസഭ 2022 മുതൽ 2025 വരെയുള്ള കാലഘട്ടം സഭാനവീകരണകാലമായി പ്രഖ്യാപിച്ചിട്ടുള്ളതും അതു ഫലപ്രദമായി ആചരിക്കാൻവേണ്ട കർമപരിപാടികൾ ആവിഷ്കരിക്കുന്നതും. 'സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്നതാണ് നവീകരണയജ്ഞത്തിന്റെ ആപ്തവാക്യം. പോൾ ആറാമൻ മാർപാപ്പാ പഠിപ്പിക്കുന്നതുപോലെ, സഭ സുവിശേഷികയാണ്; അവൾ ഈ ദൗത്യം ആരംഭിക്കുന്നത് തന്നെത്തന്നെ സുവിശേഷവത്ക്കരിച്ചുകൊണ്ടാണ്. താൻ വിശ്വസിക്കുന്ന കാര്യങ്ങൾ അവൾ നിരന്തരം കേട്ടുകൊണ്ടിരിക്കണം. തന്റെ പ്രത്യാശയ്ക്കുള്ള കാരണങ്ങളും സ്നേഹപ്രമാണത്തെക്കുറിച്ചും അവൾ കേൾക്കണം (EN.41). സഭയുടെ എല്ലാ പ്രഘോഷണങ്ങളുടെയും ആദ്യസ്വീകർത്താക്കൾ സഭാമക്കൾതന്നെയാണ്. മറ്റുള്ളവർക്കുവേണ്ടിയല്ല സഭയ്ക്കുവേണ്ടിത്തന്നെയാണ് സുവിശേഷപ്രഘോഷണം ആദ്യം നടത്തേണ്ടത്. സഭ സഭയോടുതന്നെ ഇടവിടാതെ സുവിശേഷം പ്രഘോഷിക്കുന്നവളാകണം. സുവിശേഷമൂല്യങ്ങൾ സഭയുടെ അകവും പുറവും നിർണയിക്കുമ്പോഴാണ് സഭ യേശുവിന്റെ സഭയാകുന്നത്.

▶ 5

# പന്ത്രണ്ടു ശ്ലീഹന്മാരാൽ അനുഗൃഹീതമായ ചെമ്മലമറ്റത്തിന്റെ ദിവ്യഗോപുരം



ഫാ. സഖറിയാസ് ആട്ടപ്പാട്ട്
വികാരി




ചെമ്മലമറ്റം ഇടവകയിലെ പന്ത്രണ്ടു ശ്ലീഹന്മാരുടെ പുതിയ ദൈവാലയം 2022 ജൂൺ രണ്ടാം തീയതി കൂദാശ ചെയ്യപ്പെട്ടു. 2020 ജനുവരി 26 ന് ശിലാസ്ഥാപനം നടത്തി ജൂൺ രണ്ടിനാരംഭിച്ച നിർമാണപ്രവർത്തനങ്ങൾ ദൈവത്തിന്റെ പ്രത്യേക പരിപാലനയാലും ഇടവകമദ്ധ്യസ്ഥരായ 12 ശ്ലീഹന്മാരുടെ മാദ്ധ്യസ്ഥ്യത്താലും ഇടവകജനത്തിന്റെയും ഗുണകാംക്ഷികളുടെയും സഹായസഹകരണത്താലും രണ്ടു വർഷംകൊണ്ടു പൂർത്തിയാക്കാൻ കഴിഞ്ഞു. 12 ശ്ലീഹന്മാരുടെ നാമത്തിലുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ദൈവാലയമാണ് ഇവിടെ നിർമിച്ചിരിക്കുന്നത്.

പതിനേഴാം നൂറ്റാണ്ടിൽ യൂറോപ്പിൽ പ്രചാരത്തിലിരുന്ന റോക്കോക്കോ എന്ന വാസ്തുവിദ്യയുടെ ശൈലിയും അലങ്കാരങ്ങളും സ്വീകരിച്ചുകൊണ്ടാണ് ഈ പള്ളിയുടെ അൾത്താരയും ഹൈക്കലയും ആവിഷ്കരിച്ചിരിക്കുന്നത്.

ദൈവത്തിന്റെ ആലയം മനോഹരമായിരിക്കണമെന്ന നിലപാടിൽ അതീവശ്രദ്ധയോടെയാണ് ദൈവാലയത്തിന്റെ ഇന്റീരിയർ, എക്സ്റ്റീരിയർ വർക്കുകൾ നടത്തിയിരിക്കുന്നത്. പള്ളിയുടെ അൾത്താരയിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിയേകദൈവത്തെ പ്രതിനിധീകരിച്ച് വാനമേഘങ്ങളിൽ കെരൂബുകളുടെയും മാലാഖമാരുടെയും അകമ്പടിയോടെ പിതാവിനെയും ഉത്ഥിതനായ ഈശോയെയും പരിശുദ്ധാത്മാവിനെയും ചിത്രീകരിച്ചിരിക്കുന്നു. ഉത്ഥിതനായ ഈശോയെ സിംബോളിക്കായി ചിത്രീകരിച്ചിരിക്കുന്നതാണ് കുഞ്ഞാടിന്റെ ചിത്രം. അതിന് ഇടതും വലതുമായി ഈശോയുടെ തിരുശേഷിപ്പുകൾ കൈയിലേന്തിയ ദൈവദൂതന്മാർ, സ്തോത്രഗീതങ്ങൾ ആലപിക്കുന്ന ഒമ്പതു മാലാഖവൃന്ദങ്ങൾ എന്നിവരെ ചിത്രീകരിച്ചിരിക്കുന്നു.

സക്രാരി ഈശോയുടെ കബറിടം. ഉയർത്തെഴുന്നേറ്റ ഈശോയെ കാണാതെ ദുഃഖത്തിൽ പ്രാർത്ഥനയോടെ നിലകൊള്ളുന്ന പന്ത്രണ്ടു ശ്ലീഹന്മാരാണ് ബലിപീഠത്തിനുമുകളിൽ. ഞാൻ മുന്തിരച്ചെടിയും നിങ്ങൾ അതിന്റെ ശാഖകളുമാകുമെന്ന ഈശോയുടെ തിരുവചനത്തെ ആസ്പദമാക്കിയാണ് ബേമ്മാ രൂപകല്പന ചെയ്തിരിക്കുന്നത്. ഈശോയെ രാജാധിരാജനായി സ്വീകരിച്ച് ഒലിവിൻ്റെ... സൈത്തിൻകൊമ്പുകൾ വീശി ജയാരവം മുഴക്കിയ ഓശാന വിളികളെ അനുസ്മരിപ്പിക്കുന്നതാണ് ബലിപീഠത്തിനു ചുറ്റും ക്ലാഡിങ്ങിൽ തലക്കെട്ടായി ചിത്രീകരിച്ചിരിക്കുന്ന ഇലകൾ. അബ്രാഹത്തിന്റെ ബലിപീഠത്തിലെ കാട്ടുവള്ളികളെയും കൽക്കെട്ടിനെയും അനുസ്മരിപ്പിക്കുന്നതാണ് പ്രധാന ബലിപീഠത്തിലെ കൊത്തുപണികൾ. പള്ളിയുടെ മുകൾനിലയിൽ ഗ്ലാസ്സിൽ ആലേഖനം ചെയ്ത 64 വിശുദ്ധരുടെ രൂപങ്ങൾ ഈ പള്ളിയുടെ ശില്പഭംഗിക്കു ചാരുത വർദ്ധിപ്പിക്കുന്നു. കൂടാതെ, പള്ളിയുടെ കിഴക്കുവശത്തു സ്റ്റെയിൻഡ് ഗ്ലാസിൽ ചെയ്തിരിക്കുന്ന 20 അടി പൊക്കവും 15 അടി വീതിയുമുള്ള പന്തക്കുസ്തായുടെ രൂപം ഒരു ദൃശ്യവിസ്മയമാണ്. പള്ളിമണി ഇംഗ്ലണ്ടിലെ യോർക്ക്ഷെയറിൽനിന്ന് ഇറക്കുമതി ചെയ്ത 900 കിലോ ഭാരമുള്ള കൂറ്റൻ മണിയാണ്. 360 ഡിഗ്രിയിൽ കറങ്ങിയടിക്കുന്ന മണി ലോകപ്രശസ്ത മണിനിർമാതാക്കളായ വാർണർ ബ്രദേഴ്സിന്റെ നിർമാണവൈഭവത്തിൽപ്പെട്ടതാണ്.



പള്ളിയുടെ ഉൾവശം : മുകൾനിലയിൽ ഗ്ലാസ്സിൽ 64 വിശുദ്ധരുടെ രൂപങ്ങൾ ചിത്രീകരിച്ചിരിക്കുന്നു.



പന്ത്രണ്ടു ശ്ലീഹന്മാരുടെ നിറസാന്നിധ്യമായ അൾത്താര

ദൈവികപദ്ധതിക്കൊപ്പം നല്ല സമറായന്റെ ചൈതന്യവും നടപ്പാക്കുകയാണ് ചെമ്മലമറ്റം പള്ളി. ദൈവാലയവെഞ്ചരിപ്പിനോടനുബന്ധിച്ച് 12 ശ്ലീഹന്മാരെ അനുസ്മരിച്ചുകൊണ്ട് 12 ലക്ഷം രൂപ പഠനം, വിവാഹം, ഭവനനിർമാണം എന്നിവയ്ക്കു സഹായമായി നൽകുന്നു. ഈ പദ്ധതിക്ക് എ.കെ.സി.സി. സംഘടന നേതൃത്വം കൊടുക്കും. കൂടാതെ, ഒരു വ്യക്തി സംഭാവനയായി നൽകിയ 25 ലക്ഷം രൂപയ്ക്കൊപ്പം 25 ലക്ഷം രൂപകൂടി കണ്ടെത്തി 50 ലക്ഷം രൂപയ്ക്ക് 10 വീടുകൾ നിർമിച്ച് ഭവനരഹിതർക്കു നൽകുന്ന പദ്ധതിക്ക് വിൻസെന്റ് ഡി പോൾ സൊസൈറ്റി നേതൃത്വം നൽകും.

ചരിത്രപാരമ്പര്യമുറങ്ങുന്ന ചെമ്മലമറ്റം ഇടവക നൂറിന്റെ തികവിലാണ്. 1922 ഫെബ്രുവരി 6-ാം തീയതിയാണ് ആദ്യ ദൈവാലയത്തിന്റെ വെഞ്ചരിപ്പുകർമം നടന്നത്. ചങ്ങനാശ്ശേരിആർച്ചുബിഷപ് പുണ്യശ്ലോകനായ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവാണ് 12 ശ്ലീഹന്മാരുടെ പേരു നിർദേശിച്ചു കല്പന പുറപ്പെടുവിച്ചത്. പള്ളിക്കുവേണ്ടി സ്ഥലം കണ്ടെത്തിയതും നിവേദനം നല്കിയതും 12 വ്യക്തികളായിരുന്നു. അതുകൊണ്ടുകൂടിയായിരിക്കണം പിതാവ് ഈ പേരു നൽകിയത്. 1942 ൽ പള്ളി പുതുക്കിപ്പണിതു. 1951 ൽ ചേറ്റുതോടും 1995 ൽ വാരിയാനിക്കാടും ചെമ്മലമറ്റം പള്ളിയിൽനിന്നു മാറി സ്വതന്ത്ര ഇടവകകളായി. ഇപ്പോൾ 912 കുടുംബങ്ങൾ ഈ ഇടവകയിലുണ്ട്. എല്ലാ വെള്ളിയാഴ്ചകളിലും 12 ശ്ലീഹന്മാരുടെ നൊവേന നടത്തിവരുന്നു. 12 ശ്ലീഹന്മാരെ അനുസ്മരിക്കുന്ന 12 പൈതങ്ങളുടെ ഊട്ടുനേർച്ചയും പ്രസിദ്ധമാണ്. ശ്ലീഹന്മാരുടെ മദ്ധ്യസ്ഥതയിൽ നിരവധി ആളുകൾക്ക് അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. 12 ശ്ലീഹന്മാരുടെ നാമത്തിലുള്ള ചെമ്മലറ്റം പള്ളി പ്രസിദ്ധമായ തീർത്ഥാടനകേന്ദ്രങ്ങളിലൊന്നായി മാറിക്കൊണ്ടിരിക്കുകയാണ്.

# കണ്ണീർ തോരാതെ ക്രൈസ്തവർ കണ്ണിൽ ചോരയില്ലാതെ പീഡകർ



ടോണി ചിറ്റിലപ്പിള്ളി

**ലോ**കമെമ്പാടുമുള്ള ക്രൈസ്തവപീഡനം ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ മനുഷ്യാവകാശപ്രശ്നങ്ങളിലൊന്നാണ്.

ഇപ്പോൾ ക്രൈസ്തവപീഡനം ഏറ്റവും ക്രൂരമായി അരങ്ങേറുന്നത് നൈജീരിയയിലാണ്. ലോകത്തു കൊല്ലപ്പെടുന്നതിൽ 80 ശതമാനം ക്രൈസ്തവരും നൈജീരിയയിലാണ്. വേൾഡ് വാച്ച് ലിസ്റ്റിന്റെ കണക്കുപ്രകാരം 2021 ൽ 4650 നു മുകളിൽ ക്രൈസ്തവർ നൈജീരിയയിൽ കൊല്ലപ്പെട്ടിട്ടുണ്ട്. 2022 ലെ ആദ്യ നാലുമാസങ്ങളിൽ 1215 പേരും.

**ഇന്ത്യയിലെ ക്രൈസ്തവരുടെ അവസ്ഥ**

ഇന്ത്യയിലെ ക്രിസ്ത്യാനികൾക്ക് 2021 ഏറ്റവും മോശം വർഷമായിരുന്നുവെന്ന് ഡാറ്റകൾ കാണിക്കുന്നു. ന്യൂനപക്ഷസമുദായത്തിനും അതിന്റെ സ്ഥാപനങ്ങൾക്കും നേരേയുള്ള ആക്രമണങ്ങളുടെ 486 സംഭവങ്ങൾ കഴിഞ്ഞവർഷം റിപ്പോർട്ട് ചെയ്യപ്പെട്ടു. ഏഷ്യയിലെ ഓരോ അഞ്ചു ക്രിസ്ത്യാനികളിൽ രണ്ടുപേരെങ്കിലും കഠിനമായ പീഡനം ഏറ്റുവാങ്ങുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ജയ്പ്പൂരിൽനിന്നു പുറത്തിറക്കിയ മറ്റൊരു പഠനം വെളിപ്പെടുത്തുന്നത് കഴിഞ്ഞ ഒന്നരവർഷത്തിനിടെ ഇന്ത്യയിൽ ക്രിസ്ത്യാനികൾക്കെതിരേ 300 ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നാണ്.

ക്രിസ്തുമതവിശ്വാസികൾക്കും അവരുടെ ആരാധനാലയങ്ങൾക്കും നേരേയുള്ള ആക്രമണങ്ങളിൽ പലതും വലിയ തോതിൽ ആക്രമിക്കപ്പെടുകയാണ്. ചിലത് മുഖ്യധാരാമാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. ആരാധനാലയങ്ങൾക്കു തീയിടൽ, ശാരീരിക, ലൈംഗികാതിക്രമങ്ങൾ, കൊലപാതകം, ക്രിസ്ത്യൻ സ്കൂളുകൾ, കോളജുകൾ, സെമിത്തേരികൾ എന്നിവ നശിപ്പിക്കുക, ക്രൈസ്തവ പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകുക, പ്രാർത്ഥന തടയുക, സമൂഹമാധ്യമങ്ങളിൽക്കൂടി അവഹേളിക്കുക തുടങ്ങി വിവിധ രീതിയിലുള്ള ആക്രമണങ്ങൾ കൂടിവരികയാണ്. മനഃപൂർവം ക്രൈസ്തവർക്കെതിരേ പൊതുവികാരം സൃഷ്ടിക്കുന്നതിൽ ചില തീവ്രവാദസംഘടനകളും കൂട്ടായ്മകളും നടത്തുന്ന ശ്രമങ്ങൾ കേന്ദ്രസംസ്ഥാന സർക്കാരുകൾ തിരിച്ചറിയണം.

കോടതി വെറുതെ വിട്ടാൽ പോലും ക്രൈസ്തവരെ മാത്രം വിടാതെ തുടർച്ചയായി പിന്തുടർന്ന് അവഹേളിക്കുന്നത് ചിലർ ഒരു ഫാഷനാക്കിയിരിക്കുകയാണ്. ക്രിസ്തുവിനെയും ക്രൈസ്തവവിശ്വാസപ്രമാണങ്ങളെയും അവഹേളിച്ചു സംസാരിക്കുകയും പൗരോഹിത്യ - സന്ന്യസ്തജീവിതങ്ങളെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്ന വ്യക്തികൾക്കോ പ്രസ്ഥാനങ്ങൾക്കോ നവമാധ്യമങ്ങൾക്കോ സിനിമകൾക്കോ യൂട്യൂബുകൾക്കോ എതിരേ എന്തുകൊണ്ടു നടപടികൾ സ്വീകരിക്കുന്നില്ല?



**അന്താരാഷ്ട്ര എൻ.ജി.ഒ. ഓപ്പൺ ഡോർസ്**

പീഡിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികൾക്കുവേണ്ടി വാദിക്കുന്ന പ്രശസ്ത അന്താരാഷ്ട്ര എൻ.ജി.ഒ. ആയ ഓപ്പൺ ഡോർസ് അവരുടെ വാർഷിക വേൾഡ് വാച്ച് ലിസ്റ്റ് 2022 ജനുവരി 19 ന് പുറത്തിറക്കി. ക്രിസ്ത്യാനികൾ ഏറ്റവും കഠിനമായ പീഡനങ്ങൾ നേരിടുന്ന 50 രാജ്യങ്ങളെ വേൾഡ് വാച്ച് ലിസ്റ്റ് വിലയിരുത്തുന്നു. പുതുതായി പ്രസിദ്ധീകരിച്ച ഡാറ്റ ലോകമെമ്പാടുമുള്ള ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ അവസ്ഥയിൽ കാര്യമായ മാറ്റങ്ങൾ വെളിപ്പെടുത്തുന്നു. കൊവിഡ് പ്രതിസന്ധി ക്രൈസ്തവരെ ദുർബലപ്പെടുത്താനുള്ള മറയായി ഉപയോഗിച്ചിട്ടുണ്ട്. വേൾഡ് വാച്ച് ലിസ്റ്റിൽ ഒന്നാംസ്ഥാനത്തുള്ള അഫ്ഗാനിസ്ഥാനിൽ 2021 ഓഗസ്റ്റിൽ താലിബാൻ ഏറ്റെടുത്തതിനെത്തുടർന്ന്, ക്രിസ്ത്യൻ ജനസംഖ്യയിൽ ഭൂരിഭാഗവും പലായനം ചെയ്തു. അവശേഷിക്കുന്നവർ ഒളിവിലാണ്.

പട്ടികയിൽ 20 വർഷത്തിനുശേഷം രണ്ടാംസ്ഥാനത്തേക്കു വീണെങ്കിലും, ഉത്തരകൊറിയയിലെ ക്രൈസ്തവപീഡനം ജീവിതത്തിന്റെ എല്ലാ മേഖലകളിലും സമ്പൂർണമായി തുടരുന്നു. 2022 ലെ വേൾഡ് വാച്ച് ലിസ്റ്റ് റിപ്പോർട്ട് ചെയ്യുന്നത് ക്രൈസ്തവപീഡനം രാജ്യത്തു രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന തലത്തിൽ എത്തിയിരിക്കുന്നു എന്നാണ്. വലിയ തോതിൽ ക്രൈസ്തവപീഡനം നടക്കുന്ന സൊമാലിയ മൂന്നാംസ്ഥാനത്താണ്. 16 ദശലക്ഷത്തിലധികമുള്ള ജനസംഖ്യയുള്ള സൊമാലിയയിൽ ഏതാനും ആയിരത്തിൽ താഴെ ക്രിസ്ത്യാനികൾ മാത്രമേയുള്ളൂവെന്ന് 2022 ലെ പഠനങ്ങളിൽ കണക്കാക്കപ്പെടുന്നു. ലിബിയയും യെമനുമാണ് നാലും അഞ്ചും സ്ഥാനങ്ങളിൽ വരുന്നത്.

ഓപ്പൺ ഡോർസിന്റെ കണക്കുപ്രകാരം ഏകദേശം 30 വർഷംമുമ്പ് വേൾഡ് വാച്ച് ലിസ്റ്റ് ആരംഭിച്ചതിനുശേഷം ക്രിസ്ത്യാനികൾക്കെതിരായ പീഡനം ഏറ്റവും ഉയർന്ന തലത്തിലെത്തിയിട്ടുണ്ട്. 76 രാജ്യങ്ങളിലായി 360 ദശലക്ഷത്തിലധികം ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസത്തിനുവേണ്ടി കടുത്ത പീഡനവും വിവേചനവും അനുഭവിക്കുന്നു. കഴിഞ്ഞ വർഷത്തേക്കാൾ 20 ദശലക്ഷത്തിന്റെ വർദ്ധന. 312 ദശലക്ഷം ക്രിസ്ത്യാനികൾ പീഡനങ്ങൾ കൂടിയ 50 രാജ്യങ്ങളിൽ ജീവിക്കുന്നു. ഓരോ ഏഴു ക്രിസ്ത്യാനികളിൽ ഒരാളെങ്കിലും തങ്ങളുടെ വിശ്വാസത്തിനുവേണ്ടിയുള്ള പീഡനത്തിന്റെയോ വിവേചനത്തിന്റെയോ കീഴിൽ ജീവിക്കുന്നു.

2022 ലെ റാങ്കിങ് പ്രകാരം ക്രൈസ്തവപീഡനങ്ങളുടെ മേൽത്തട്ടിൽ നില്ക്കുന്ന പത്തു രാജ്യങ്ങളിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്നത് അഫ്ഗാനിസ്ഥാൻ, വടക്കൻ കൊറിയ, സൊമാലിയ, ലിബിയ, യെമൻ, എറിട്രിയ, നൈജീരിയ, പാക്കിസ്ഥാൻ, ഇറാൻ, ഇന്ത്യ തുടങ്ങിയവയാണ്.

**മൗനം: യഥാർത്ഥ കൊലയാളി**

ലോകമെമ്പാടുമുള്ള ക്രൈസ്തവപീഡനങ്ങൾക്കു നേരേയുള്ള നിശ്ശബ്ദതയ്ക്ക് നിരവധി ഘടകങ്ങൾ കാരണമാകുന്നു. മിക്ക ആളുകളും അതിനെക്കുറിച്ചു കേൾക്കുന്നില്ല. രണ്ടാമതായി, എല്ലാ ദിവസവും കേൾക്കുന്ന ഭയാനകവാർത്തകൾക്കിടയിൽ ക്രൈസ്തവപീഡനവാർത്തകൾ തിരഞ്ഞെടുക്കാൻ പ്രയാസമാണ്. മൂന്നാമതായി, ഇത് മതശുദ്ധീകരണത്തിന്റെ ഒരു സമ്പ്രദായമാണ്. അവസാനമായി, പലപ്പോഴും ക്രിസ്ത്യൻ പീഡനത്തിനുമുന്നിൽ ഭരണാധികാരികൾ നിശ്ശബ്ദരാണ്.

ചില രാജ്യങ്ങളിൽ ക്രൈസ്തവർക്കെതിരേയുള്ള ആക്രമണങ്ങൾ വേണ്ട രീതിയിൽ റിപ്പോർട്ടു ചെയ്യാതിരിക്കുന്ന കാര്യത്തിൽ അവിടുത്തെ പ്രമുഖപത്രങ്ങളും ന്യൂസ് ചാനലുകളുമെല്ലാം ഒറ്റക്കെട്ടാണെന്നതാണ് വിചിത്രമായ കാര്യം. റിപ്പോർട്ടു ചെയ്യുന്ന കേസുകളിലാകട്ടെ, ആക്രമണകാരികളുടെ പേര് ഉണ്ടാകില്ല. എങ്ങനെയെങ്കിലും ആക്രമണകാരിയുടെ പേരു പുറത്തുവന്നാൽ അടുത്ത വാർത്ത അവൻ മാനസികാസ്വാസ്ഥ്യം ഉള്ളവനാണ് എന്നതായിരിക്കും. ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുന്നു എന്ന രീതിയിൽ ഒരു ഹാഷ്ടാഗുപോലും ഇടാൻ കഴിയാത്തവിധം നവമാധ്യമങ്ങളിലെ അക്ഷരലോകം ചുരുങ്ങിയിരിക്കുകയാണ്. ലക്ഷക്കണക്കിനു ക്രൈസ്തവർ എത്രയിടങ്ങളിൽനിന്നു പലായനം ചെയ്യേണ്ടിവന്നു? എത്രയെത്ര കുഞ്ഞുങ്ങൾ അനാഥരായി? എത്രയെത്ര ആരാധനാലയങ്ങൾ തകർക്കപ്പെട്ടു? എവിടെപ്പോയി മനുഷ്യാവകാശപ്പോരാളികളായ മാധ്യമങ്ങൾ?

**ക്രൈസ്തവപീഡനത്തിലെ പുതിയ പ്രവണതകൾ**

വ്യക്തിഗത ഡിജിറ്റൽ സാങ്കേതികവിദ്യ ദുരുപയോഗം ചെയ്യുന്നു എന്നതാണു പുതിയ പ്രവണത. വ്യക്തിഗത ഡിജിറ്റൽ സാങ്കേതികവിദ്യ ആഗോളതലത്തിൽ ക്രിസ്ത്യാനികളെ എങ്ങനെ ലക്ഷ്യമിടുന്നു എന്നതിനു നിരവധി ഉദാഹരണങ്ങളുണ്ട്. മുഖം തിരിച്ചറിയാനുള്ള സാങ്കേതികവിദ്യ, ഇലക്ട്രോണിക് ചിപ്പുകൾ, വ്യക്തിഗത ഡിജിറ്റൽ സാങ്കേതികവിദ്യ എന്നിവയിലൂടെ സർക്കാരുകൾക്കു കൂടുതലായി പൗരന്മാരെ നിരീക്ഷിക്കാം. ലോകത്തിന്റെ പല ഭാഗങ്ങളിലും സ്വേച്ഛാധിപത്യസർക്കാരുകൾ ക്രൈസ്തവർക്കെതിരേ ഇത് ദുരുപയോഗം ചെയ്യുന്നു. വിയറ്റ്നാം, മ്യാൻമർ, ചൈന, ഉത്തര കൊറിയ തുടങ്ങിയ രാജ്യങ്ങളിലെല്ലാം ഇത്തരം വിദ്യകളിലൂടെ മതപരമായ അവകാശങ്ങളുടെ മേൽ കർശനമായ നിയന്ത്രണം കൊണ്ടുവരുന്നു.

ക്രിസ്ത്യൻസ്ത്രീകളെ പ്രത്യേകമായി ലക്ഷ്യമിടുന്ന രാജ്യങ്ങളുണ്ട്. അവർ അനുഭവിക്കുന്ന പീഡനങ്ങൾ ഞെട്ടിക്കുന്നതാണ്. പല രാജ്യങ്ങളിലും സ്ഥലങ്ങളിലും അവർ ‘ഇരട്ടപീഡനം’ അനുഭവിക്കുന്നു. ഒരു ക്രിസ്ത്യാനിയായതിനാലും ഒരു സ്ത്രീയെന്ന നിലയിലും ഇത്തരത്തിലുള്ള പീഡനം വിലയിരുത്താൻ പ്രയാസമാണ്. കാരണം, ഇത് ഏറെ സങ്കീർണവും അക്രമാസക്തവും മറഞ്ഞിരിക്കുന്നതുമാണ്.

ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിൽ ലോകമെമ്പാടുമായി ദിവസവും ചുരുങ്ങിയത് 23 പേർ മാനഭംഗത്തിനിരയാവുകയും പത്തുപേർ തടവിലാക്കപ്പെടുകയും ചെയ്യുന്നുണ്ടെന്നും ഓപ്പൺഡോർസ് വ്യക്തമാക്കുന്നു.

**ഭൂരിപക്ഷസാംസ്കാരിക വിശ്വാസത്തിനു പുറത്തുള്ള എല്ലാറ്റിനെയുംകുറിച്ചുള്ള സംശയം**

ചില സ്ഥലങ്ങളിൽ പാരമ്പര്യേതര ന്യൂനപക്ഷമതവിഭാഗങ്ങളോട് കടുത്ത ശത്രുതയുണ്ട്. കടുത്ത സാംസ്കാരിക അധിനിവേശം നടക്കുന്ന ഇവിടങ്ങളിൽ സമർദങ്ങൾക്കു നടുവിലാണ് ക്രൈസ്തവജീവിതം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നത് ‘വംശഹത്യ’ എന്ന തലത്തിലാണെന്നത് അവരുടെ സ്ഥിതി കൂടുതൽ ഭയാനകമാക്കുന്നു.

ഓപ്പൺ ഡോർസിന്റെ വേൾഡ് വാച്ച് ലിസ്റ്റ് 2022 ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികൾ അഭിമുഖീകരിക്കുന്ന സാഹചര്യത്തെക്കുറിച്ചുള്ള ഒരു യഥാർത്ഥ ചിത്രം വരയ്ക്കുന്നു.

ഈ റിപ്പോർട്ട് വളരെ പ്രധാനപ്പട്ട ഒരു കാര്യം ഉന്നയിക്കുന്നുണ്ട്. മതന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുന്നവർക്കെതിരേ നടപടികൾ ഇല്ലാത്തതും ശിക്ഷകൾ വളരെ നിസ്സാരമാക്കുന്നതും കുറ്റവാളികളെ ധൈര്യപ്പെടുത്തുന്നതിനാൽ കൂടുതൽ കുറ്റകൃത്യങ്ങൾക്കു കാരണമാകുന്നു. ഇത് ഒരു പ്രദേശത്തോ രാജ്യത്തോ മാത്രമല്ല, ലോകം മുഴുവനുമായുള്ള കുറ്റവാളികളെ ധൈര്യപ്പെടുത്തുന്നു. നാം ഗൗരമായി ക്കാണേണ്ട ഒരു മുന്നറിയിപ്പാണിത്. ക്രൈസ്തവവിരുദ്ധപീഡനത്തിന്റെ യഥാർത്ഥവ്യാപ്തി പുറംലോകത്തെ അറിയിക്കാൻ ഐക്യരാഷ്ട്രസഭ അടക്കമുള്ള സംഘടനകളും വിമുഖത കാണിക്കുകയാണ്. ■

# ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി ഓർമയാകുമ്പോൾ



ളാക്കാട്ടൂർ പൊന്നപ്പൻ


'ഒരു നേരമെങ്കിലും കാണാതെ വയ്യെന്റെ ഗുരുവായൂരപ്പാ' എന്ന വരികൾ, വടക്കേ മലബാറിലെ ഒരു ക്ഷേത്രവേദിയിൽ നിന്ന് കച്ചേരിക്കിടയിൽ ഗാനഗന്ധർവന്റെ നാദധാര ശ്രോതാക്കളുടെ കർണപുടങ്ങളിൽ അമൃതബിന്ദുക്കൾ നിറയ്ക്കുമ്പോൾ, എല്ലാം മറന്ന് ഭക്തിലഹരിയിലലിഞ്ഞ് ഒരുവേള കണ്ണീരണിഞ്ഞ ശ്രോതാക്കളിൽ ചിലരെക്കണ്ട് 'എന്റെ ഗുരുവായൂരപ്പാ' എന്നു മന്ത്രിച്ച് കൈകൾ കൂപ്പി വിറങ്ങലിച്ചിരുന്നുപോയി ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി എന്ന കൃഷ്ണഭക്തനായ കൃശഗാത്രൻ! ഈ ഒരേയൊരു പാട്ടു മാത്രം മതി ഭക്തരുടെ മനസ്സിൽ കൃഷ്ണരൂപം കോറിയിട്ട ഗാനരചയിതാവിനെ തിരിച്ചറിയാൻ! നാലായിരത്തിലേറെ ഭക്തിഗാനങ്ങളെഴുതിയ ഈ അതുല്യപ്രതിഭ ഇക്കഴിഞ്ഞ ദിവസം (26 ജൂൺ) നമ്മോടു വിടപറഞ്ഞു; 86-ാം വയസ്സിൽ.

കവി, ഗാനരചയിതാവ്, തിരക്കഥാകൃത്ത്, കലാനിരൂപകൻ, ചെറുകഥാകൃത്ത്, നോവലിസ്റ്റ്, വിവർത്തകൻ, നർമലേഖകൻ, ഹാസ്യകഥാകൃത്ത് എന്നിങ്ങനെ വിവിധ സാഹിത്യമേഖലകളിൽ ഏറെ പ്രശോഭിച്ചിരുന്നു; അദ്ദേഹം. തീർന്നില്ല; റേഡിയോ നാടകാഭിനേതാവ്, ചലച്ചിത്രനടൻ, തായമ്പകവിദഗ്ധൻ, പത്രപ്രവർത്തകൻ എന്നീ നിലകളിലും പ്രവർത്തിച്ചു കഴിവു തെളിയിച്ചിട്ടുണ്ട് അദ്ദേഹം.

ഗുരുവായൂരിനടുത്തുള്ള ചൊവ്വല്ലൂരിൽ വാരിയത്ത് ശങ്കുണ്ണി വാര്യരുടെയും പാറുക്കുട്ടി വാര്യസ്യാരുടെയും മകനായി 1936 സെപ്തംബർ 10 ന് ജനനം. സരസ്വതി വാരസ്യാരാണ് ഭാര്യ. ഉഷ, ഉണ്ണിക്കൃഷ്ണൻ എന്നിവർ മക്കൾ.

രാമാമൃതം, അമ്മേ അമൃതവർഷിണീ, ഹരേമുകുന്ദം, തരംഗിണിയുടെ അയ്യപ്പഭക്തിഗാനങ്ങൾ വോളിയം - 6, ഗുരുവായൂരോമനക്കണ്ണനാമുണ്ണിക്ക് തുടങ്ങിയ ആൽബങ്ങൾ ഏറെ ജനപ്രീതി നേടിയവയാണ്. ഉദിച്ചുയർന്നു മാമലമേലെ, ആനയിറങ്ങും മാമലയിൽ, അഖിലാണ്ഡബ്രഹ്മത്തിൽ തുടങ്ങിയ ഗാനങ്ങൾ ആസ്വാദകർ പണ്ടേ നെഞ്ചേറ്റിയവയാണ്.

ഭക്തിഗാനരചനയിൽ അഗ്രഗണ്യനായിരുന്ന ചൊവ്വല്ലൂർ ധാരാളം ലളിതഗാനങ്ങളും നാടകഗാനങ്ങളും എഴുതിയിട്ടുണ്ട്. 1975 ൽ തുലാവർഷം എന്ന സിനിമയ്ക്കുവേണ്ടി സലിൽ ചൗധരിയോടൊപ്പം ചേർന്ന് ഒരുക്കിയ 'സ്വപ്നാടനം ഞാൻ തുടരുന്നു' എന്ന ഗാനം ഒരു വൻ ഹിറ്റായി മാറിയിരുന്നു. എസ്. ജാനകി പാടിയ ആ ഗാനത്തോടുകൂടി ചലച്ചിത്രലോകത്തേക്കുള്ള കവാടം തുറന്നുകിട്ടി. ജെറി അമൽദേവ്, രഘുകുമാർ രവീന്ദ്രൻ, എം.ബി. ശ്രീനിവാസൻ, എം.ടി. ഉമ്മർ എന്നീ സംഗീതസംവിധായകർക്കുവേണ്ടി വിവിധ ചലച്ചിത്രങ്ങളിൽ ഗാനങ്ങളെഴുതിയിട്ടുണ്ട്.



അഷ്ടബന്ധം, ആന, നദി മുതൽ നദിവരെ, പഞ്ചവടിപ്പാലം എന്നിവ അവയിൽ ചിലതു മാത്രം. യൂസഫലി കേച്ചേരിയുടെ മരം എന്ന സിനിമയിൽ അഭിനയിച്ചുകൊണ്ട് ചലച്ചിത്രനടനുമായി. ആദ്യകാല സൂപ്പർ ഹിറ്റുകളായ പ്രഭാതസന്ധ്യ, ശ്രീരാഗം, ശശിനാസ് എന്നിവയുടെ കഥ, തിരക്കഥ, സംഭാഷണം തുടങ്ങിയവയും കൃഷ്ണൻകുട്ടിയുടേതാണ്. സർഗ്ഗം എന്ന ജനപ്രിയചിത്രത്തിന്റെ സംഭാഷണം തയ്യാറാക്കിയതും ഇദ്ദേഹമാണ്.

1959 ൽ ജോസഫ് മുണ്ടശ്ശേരി നടത്തിയിരുന്ന നവജീവൻ പത്രത്തിന്റെ സബ് എഡിറ്ററായി ഔദ്യോഗികജീവിതം ആരംഭിച്ചു. അന്ന്, തികഞ്ഞ ഇടതുപക്ഷ ചിന്താഗതിക്കാരനായിരുന്നു. മുണ്ടശ്ശേരിയുടെയും എം.ആർ.ബി. യുടെയും ആശയങ്ങൾ കേട്ട് ലേഖനങ്ങൾ തയ്യാറാക്കുകയായിരുന്നു ജോലി. 1963 ൽ ഗുരുവായൂരിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'സ്വതന്ത്രമണ്ഡപം' എന്ന പ്രസിദ്ധീകരണത്തിന്റെ സഹപത്രാധിപരായി. പിന്നീട് 1966 ൽ മനോരമ കോഴിക്കോട് എഡിഷന്റെ സബ്എഡിറ്ററായി. 2004 ൽ വിരമിക്കുന്നതുവരെ പത്രപ്രവർത്തനം തുടർന്നു. കോഴിക്കോട് ആകാശവാണിയിലും അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു.

ഓർമകളുടെ ഉതിർമണികൾ, എന്റെ പ്രിയപ്പെട്ട ഓർമകളിലൂടെ മാധവിയമ്മ മുതൽ മാധവിക്കുട്ടിവരെ, എന്നിവയടക്കം കവിത - നോവൽ - ചെറുകഥ വിഭാഗങ്ങളിലായി 18 പുസ്തകങ്ങൾ ചൊവ്വല്ലൂരിന്റെ പേരിലുണ്ട്. കേരളസാഹിത്യ അക്കാദമി, കേരളസംഗീതനാടക അക്കാദമി, കേരളകലാമണ്ഡലം എന്നീ സ്ഥാപനങ്ങളുടെയെല്ലാം തലപ്പത്ത് പ്രവർത്തിക്കാനവസരം ലഭിച്ചു. ചെമ്പൈ വൈദ്യനാഥഭാഗവതർ തുടങ്ങി അന്നത്തെ പ്രഗല്ഭരുടെയെല്ലാം ഡോക്യുമെന്ററികൾ നിർമിച്ചു.

പുരസ്കാരങ്ങളുടെ ഒരു നിരതന്നെയുണ്ട്. ഹാസസാഹിത്യകാരനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം, മികച്ച നാടകഗാനരചയിതാവിനുള്ള സംസ്ഥാനസർക്കാർ അവാർഡ്, ഗുരുവായൂർ വെങ്കിടാചലപതി അവാർഡ്, കേരള കലാമണ്ഡലം മുകുന്ദരാജസ്മൃതി പുരസ്കാരം, ജ്ഞാനപ്പാന പുരസ്കാരം, രേവതി പട്ടത്താനം പുരസ്കാരം എന്നിവ ആ കലോപാസനയ്ക്കു പ്രതിഫലമായി സംസ്ഥാനം നന്ദിയോടെ സമ്മാനിച്ചവയാണ്.

അദ്ദേഹത്തിന്റെ രണ്ടു നാടകഗാനങ്ങൾക്കു സംഗീതം പകരാനുള്ള ഭാഗ്യം ഈ എളിയ ലേഖകനും ലഭിച്ചു എന്നത് ഇത്തരുണത്തിൽ സന്തോഷത്തോടെ ഓർമിക്കുന്നു. പാലാ പ്രയാഗയുടെ (ഇപ്പോൾ കമ്യൂണിക്കേഷൻ) 'തൂലിക' (1981 ഫ്രാൻസീസ്, ടി. മാവേലിക്കര) പ്രൊഫഷണൽ രംഗത്തേക്കുള്ള എന്റെ പ്രവേശനമായിരുന്നു മൂളിക്കേൾപ്പിച്ച ഈണത്തിനനുസരിച്ച് എത്ര അനായാസമായാണ് അദ്ദേഹം ഗാനമെഴുതിയത്! അതും നൊടിയിടയിൽ! ആ പ്രാഗല്ഭ്യത്തിനു മുന്നിൽ ശിരസ്സു നമിക്കുന്നു!

നാളെത്ര കഴിഞ്ഞാലും കാലാതിവർത്തിയായ മഹത് രചനകളിലൂടെ ആ മഹാനുഭാവന്റെ ഓർമകളെ മലയാളി എന്നെന്നും താലോലിക്കും.

■

---

ബാലനോവൽ 14 രാമപുരം മണി




"മന്ദരരാജ്യത്തിലെ സത്യധർമമഹാരാജാവിന്റെ മകൾ സുഗന്ധിരാജകുമാരിക്കു മംഗല്യപ്രായമായിരിക്കുന്നു. സുന്ദരന്മാരായ ഏതു യുവാവിനും കുമാരിയെ വിവാഹം ചെയ്യാം. എന്നാൽ, അവർ ചില പരീക്ഷകൾ ജയിക്കേണ്ടിയിരിക്കുന്നു. ചില മത്സരങ്ങളിൽ വിജയിക്കേണ്ടിയിരിക്കുന്നു.

ഒന്നാമത്തെ മത്സരം ഉഗ്രവിഷമുള്ള ഒരു മൂർഖൻപാമ്പിനെ കൊന്ന് വിജയം നേടണം.

രണ്ടാമത്തെ മത്സരം: ഒരു ഭീകരസിംഹത്തിനോടു പൊരുതി ജയിക്കണം.

മൂന്നാമത്തെ മത്സരം: ഒരു വലിയ അഗ്നികുണ്ഡത്തിലേക്കെടുത്തുചാടി പൊള്ളലേൽക്കാതെ രക്ഷപ്പെടണം. ഈ മൂന്നു മത്സരങ്ങളിലും വിജയശ്രീലാളിതനായി വരുന്ന ഏതു യുവകോമളനും രാജകുമാരിയെ വിവാഹം ചെയ്തു കൊടുക്കുന്നതാണെന്ന് രാജാവ് സത്യധർമൻ അറിയിക്കുന്നു. ഡും... ഡും... ഡും..." ഇതു രാജവിളംബരമായിരുന്നു. നാടിന്റെ നാനാഭാഗത്തും പെരുമ്പറകൊട്ടി രാജവിളംബരമറിയിച്ചു. എല്ലാവരുടെയും ചെവിയിൽ വാർത്തയെത്തി. രാക്ഷസപ്രവീണനും വാർത്തയറിഞ്ഞു. എന്നാൽ, പ്രേമസ്വരൂപൻ വാർത്തയറിഞ്ഞ് അല്പം ഭയപ്പെട്ടു.

തന്നെക്കൊണ്ടു മൂന്നു മത്സരങ്ങളും ജയിക്കാനാവുമോ? മന്ത്രിക്കും അല്പം ശങ്കതോന്നി. ഈ മത്സരമൊന്നും വേണ്ടെന്നു താൻ രാജാവിനോടു പറഞ്ഞതാണ്. എന്നാൽ, മത്സരം നടത്തണമെന്നുള്ളത് രാജകുമാരിയുടെ നിർബന്ധമാണുപോലും... ശരി നടക്കട്ടെ. തന്റെ മകനും മത്സരിക്കട്ടെ.

"ഒരൊടുക്കത്തെ മത്സരം. ഇതിന്റെയൊക്കെ വല്ല ആവശ്യവുമുണ്ടോ?" മന്ത്രിയുടെ പത്നി മന്ദാകിനി പറഞ്ഞു.

"പ്രിയതമേ മന്ദാകിനീ, രാജകല്പനയാണതൊക്കെ. അനുസരിക്കുകയല്ലാതെ നിവൃത്തിയില്ല."

രാജ്യത്തിന്റെ പകുതിയും ഭാരിച്ച സ്വത്തുക്കളും മന്ദാകിനി സ്വപ്നം കാണാൻ തുടങ്ങീട്ടു കുറെ നാളുകളായി. തന്റെ മകൻ പ്രേമസ്വരൂപന് രാജാവിന്റെ മരുമകനാകാൻ യോഗമില്ലേ...

അയൽരാജ്യത്തെ രാജകുമാരന്മാരും കഴിവുള്ള യുവാക്കളും സുഗന്ധി എന്ന സുന്ദരിയെ സ്വപ്നം കാണാൻ തുടങ്ങി. എങ്കിലും ഈ ഭയങ്കരമായ മത്സരം എങ്ങനെ ജയിക്കും... നോക്കാം. എല്ലാവരും അങ്ങനെ ധൈര്യപ്പെട്ടു. അപ്പോഴൊക്കെ രാക്ഷസപ്രവീണന്റെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു മാഞ്ഞു.

ആ ദിവസം വന്നടുത്തു.

രാജകൊട്ടാരത്തിനടുത്തുള്ള മൈതാനം അലങ്കരിച്ചുവെടിപ്പാക്കി. മൈതാനത്തിനൊരു ഭാഗത്ത് വലിയൊരു ഇരുമ്പുവലക്കൂട്. അതിൽ അതിഭയങ്കരനായൊരു മൂർഖൻ പാമ്പ് നാക്കു നീട്ടി ചീറ്റിക്കൊണ്ട് ഇഴഞ്ഞു. മറ്റൊരു കൂട്ടിൽ ഒരു ഘോരസിംഹം അലറിക്കൊണ്ടു നടന്നു. അതാ താഴെ അഗ്നിയെരിയുന്നു. മൈതാനത്തിനൊരുവശത്ത് കാണികൾക്കിരിക്കാനുള്ള ഇരിപ്പിടങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. മറ്റൊരിടത്തു മത്സരാർത്ഥികൾക്കിരിക്കാ



നുള്ള ഇരിപ്പിടങ്ങൾ.

കാണികൾ സന്നിഹിതരായി. മത്സരത്തിൽ പത്തു യുവാക്കൾ വന്നിട്ടുണ്ട്. അതിൽ ഒരാൾ പ്രേമസ്വരൂപനും മറ്റൊരാൾ വേഷപ്രച്ഛന്നനായ രാക്ഷസപ്രവീണനുമായിരുന്നു. "ഒന്നാമത്തെയാൾക്ക് പാമ്പിൻകൂട്ടിലേക്കു സ്വാഗതം. പാമ്പിനെ തോല്പിച്ച് സിംഹക്കൂട്ടിൽ കയറാം." അറിയിപ്പുണ്ടായി. ഒന്നാമത്തെ രാജകുമാരൻ എണീറ്റു പാമ്പിൻകൂട്ടിലേക്കു നടന്നു. ഒരു ഭടൻ കൂടിന്റെ കതകുതുറന്ന് രാജകുമാരനെ അകത്താക്കി. പാമ്പിൻകൂട്ടിനുള്ളിൽ പൊരിഞ്ഞ യുദ്ധം... പാമ്പും മനുഷ്യനുമായി. അവസാനം പാമ്പുകടിയേൽക്കാതെ രാജകുമാരൻ പുറത്തുവന്നു.

"അടുത്തയാൾ." രണ്ടാമത്തെ രാജകുമാരനും കൂട്ടിൽക്കയറി. പാമ്പുമായി ഭയങ്കരമായ ഏറ്റുമുട്ടൽ. അയാളും പാമ്പിനോടു തോറ്റുപിന്മാറി. അങ്ങനെ എട്ടു യുവാക്കളും മൂർഖൻപാമ്പിനോടു തോറ്റുപിൻവാങ്ങി. രണ്ടുമൂന്നു യുവാക്കൾക്ക് പാമ്പിന്റെ കടിയേറ്റു. ഭാഗ്യം, ആരും മരിച്ചില്ല. പാമ്പുകടിയേറ്റവരെ ഉടനെതന്നെ രാജഭടന്മാർ വൈദ്യരുടെ അടുത്തെത്തിച്ചു. ഇനിയത്തെ ഊഴം പ്രേമസ്വരൂപനാണ്. അവൻ പാമ്പിൽകൂട്ടിൽക്കയറി പാമ്പുമായി പിടിത്തമിട്ടു. പാമ്പവനെ തലങ്ങും വിലങ്ങും കടിച്ചു. ഉടനെതന്നെ അവനെ വൈദ്യരുടെ അടുത്തെത്തിച്ചു. കാണികൾ വീർപ്പടക്കി ഇരുന്നു. അവർക്കൊന്നും ഹർഷാരവം മുഴക്കാൻപോലുമായില്ല. ഇനിയാരു തന്റെ മകളെ വിവാഹം കഴിക്കും? രാജാവു തന്റെ സിംഹാസത്തിലിരുന്നു ചിന്തിച്ചു. ഓ... രാക്ഷസപ്രവീണൻ.

"അടുത്തയാൾക്കു കയറി വരാം."

രാക്ഷസപ്രവീണൻ ചാടിയെണീറ്റു പാമ്പിൻകൂട്ടിലെത്തി. ചീറിക്കൊണ്ടുവന്ന മൂർഖൻ പാമ്പിനെപ്പിടിച്ച് കടിച്ചു മുറിച്ചു കൊന്നു. പെട്ടെന്നയാൾ സിംഹക്കൂട്ടിൽക്കയറി സിംഹത്തിന്റെ വായ പിളർത്തി മുറിച്ചിട്ടു. ഉടനെതന്നെ ഹോമകുണ്ഡത്തിന്റെ മുകളിൽക്കയറി രാക്ഷസപ്രവീണൻ താഴെ എരിയുന്ന അഗ്നിയിലേക്കു ചാടി നൊടിയിടയിൽ പുറത്തുവന്നു, പൊള്ളലേല്ക്കാതെ മിടുക്കനായി. വിജയശ്രീലാളിതനായി ഇതാ രാക്ഷസപ്രവീണൻ രാജാവിനു സമീപമെത്തി.

വീർപ്പടക്കിയിരുന്ന കാണികൾ കൈയടിച്ചു ഹർഷാരവം മുഴക്കി.

അതാ, സർവാഭരണവിഭൂഷിതയായ സുഗന്ധി രാജകുമാരി.

"ഞാനിതാ രാക്ഷസപ്രവീണന് എന്റെ പുത്രിയെ നൽകുന്നു. അടുത്തൊരു ശുഭമുഹൂർത്തത്തിൽതന്നെ ഇവരുടെ വിവാഹം...

അതുകേട്ട് മന്ത്രി സോമദേവൻ ലജ്ജിച്ചു തലതാഴ്ത്തി ഇറങ്ങിപ്പോയി.

ഒരു നല്ല ദിവസം. ശുഭമുഹൂർത്തത്തിൽ രാജകുമാരിയും രാക്ഷസപ്രവീണനുമായുള്ള വിവാഹം നടന്നു. നാടാകെ സദ്യയും ആഘോഷങ്ങളുമായി മന്ദരരാജ്യം ഉത്സവത്തിലാറാടി.

*(അവസാനിച്ചു)*

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ.

റോമാ 12:2

## എഡിറ്റോറിയൽ

# അറിയാനുള്ള അവകാശത്തെ ആരും കൂച്ചുവിലങ്ങിടരുത്

**പ**തിനഞ്ചാം കേരളനിയമസഭയുടെ അഞ്ചാം സമ്മേളനത്തിനു തുടക്കമായി. പ്രക്ഷുബ്ധ രാഷ്ട്രീയാന്തരീക്ഷത്തിൽ, തിളച്ചുമറിയുന്ന ഒട്ടേറെ വിവാദങ്ങൾക്കും പോർവിളികൾക്കും നിയമസഭ സാക്ഷിയാവുകയാണ്.

രാഹുൽഗാന്ധി എം.പി.യുടെ ഓഫീസ് എസ്.എഫ്.ഐ. പ്രവർത്തകർ അടിച്ചുതകർത്തതിന്റെ പ്രതിഷേധം മുഴക്കിയായിരുന്നു ആദ്യദിനം തന്നെ പ്രതിപക്ഷത്തിന്റെ വരവ്. രണ്ടാമതും ഉയർന്നുവന്ന സ്വർണക്കടത്തുകേസ് മുഖ്യമന്ത്രിയെയും സി.പി.എമ്മിനെയും വെട്ടിലാക്കിയതിന്റെ പ്രതിഫലനങ്ങളും സഭയിൽ രൂക്ഷമായി. ഈ വിഷയത്തിലെ മൗനം വെടിഞ്ഞ് തനിക്കും കുടുംബാംഗങ്ങൾക്കുമെതിരേയുള്ള ആക്ഷേപങ്ങൾക്ക് മുഖ്യമന്ത്രി മറുപടി പറഞ്ഞേ മതിയാകൂ.

നേർക്കുനേർ രാഷ്ട്രീയ ഏറ്റുമുട്ടലുകൾക്കു വേദിയാകുന്ന നിയമസഭയിൽ മാധ്യമങ്ങൾക്കു വിലക്കേർപ്പെടുത്തിയത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ജനങ്ങൾക്കുവേണ്ടി ജനങ്ങൾ തിരഞ്ഞെടുത്ത പ്രതിനിധികൾ ജനകീയപ്രശ്നങ്ങൾക്കു പരിഹാരം കാണുന്ന ഭരണഘടനാസംവിധാനമായ നിയമസഭയിൽ എന്തൊക്കെ നടക്കുന്നുവെന്നറിയാൻ ജനങ്ങൾക്കു പൂർണമായ അവകാശവും സ്വാതന്ത്ര്യവുമുണ്ട്. ആ അവകാശത്തിന്മേൽ വിലക്കേർപ്പെടുത്തുന്ന നടപടികളാണ് ആദ്യദിനംതന്നെ നിയമസഭയിൽ കണ്ടത്. നിയമസഭയിൽ നടക്കുന്ന കാര്യങ്ങൾ ജനങ്ങളെ അറിയിക്കാനുള്ള ഉത്തരവാദിത്വം മാധ്യമങ്ങൾക്കും അതിന് അവർക്കു സൗകര്യമൊരുക്കിക്കൊടുക്കാനുള്ള ചുമതല സഭാധികൃതകർക്കുമുണ്ട്.

രാഷ്ട്രീയനേതാക്കളുമായും ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും നിരന്തരം ആശയവിനിമയം നടത്തുന്നത് മാധ്യമപ്രവർത്തനത്തിന്റെ ഭാഗമാണ്. അതു തടസ്സപ്പെടുത്താൻ പ്രത്യക്ഷമായിത്തന്നെ ശ്രമങ്ങൾ തുടങ്ങിയിട്ട് ഏതാനും വർഷമായി. അക്രഡിറ്റേഷൻ കാർഡുള്ള മാധ്യമപ്രവർത്തകർക്കുപോലും ഭരണസിരാകേന്ദ്രത്തിന്റെ കവാടം കടക്കണമെങ്കിൽ അകത്തുനിന്നൊരാൾ ഫോണിൽ വിളിച്ച് ശുപാർശ ചെയ്യണമെന്ന വാദം വിചിത്രമാണ്. എം.എൽ.എയെ ക്കാണാൻ ലോക്കൽ സെക്രട്ടറിയുടെയും ഏരിയാ സെക്രട്ടറിയുടെയും ശുപാർശക്കത്തു വേണമെന്ന പാർട്ടിനയം ജനങ്ങൾക്ക് എത്രമാത്രം വെറുപ്പുളവാക്കുന്നുവെന്ന് പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ജനങ്ങൾ തിരഞ്ഞെടുത്ത ജനപ്രതിനിധിയെ കാണാൻ ശുപാർശകരും ഇടനിലക്കാരും വേണമെന്ന വാദം എത്രയോ ബാലിശമാണ്.

നിയമസഭാനടപടികൾ സഭാ ടി.വി. ചിത്രീകരിച്ചത് ഭരണപക്ഷത്തെ മാത്രം കേന്ദ്രീകരിച്ചായിരുന്നെന്നും ഭരണപക്ഷത്തിനു താത്പര്യമില്ലാത്ത ഭാഗങ്ങൾ സെൻസർ ചെയ്ത് ബാക്കി ഭാഗങ്ങൾ മാത്രമാണ് മാധ്യമങ്ങൾക്കു ലഭ്യമാക്കിയതെന്നും ആരോപണമുയർന്നു. സഭാ ടി.വി. രാഷ്ട്രീയവത്കരിച്ചതിനെതിരേ രൂക്ഷമായ ആക്ഷേപമുയർന്നപ്പോൾ, സഭാഹാളിൽ നടക്കുന്ന എല്ലാ കാര്യങ്ങളുമല്ല, സഭാനടപടികൾ മാത്രമാണു സഭാ ടി.വി. ചിത്രീകരിക്കാറുള്ളതെന്നും ഇരുവിഭാഗത്തെയും പ്രതിഷേധം സഭാ ടി.വി. ചിത്രീകരിച്ചു നൽകിയിട്ടില്ല എന്നുമാണ് സ്പീക്കറുടെ മറുപടി.

നിയമസഭാസമ്മേളനത്തിന്റെ ആദ്യദിനംതന്നെ സഭ അലങ്കോലപ്പെട്ടതിന്റെ ഉത്തരവാദിത്വം പരസ്പരം ചാർത്തുകയാണ് ഭരണപക്ഷവും പ്രതിപക്ഷവും. വിവിധ വകുപ്പുകളുടെ കാര്യപരിപാടികൾ സൂക്ഷ്മമായി പരിശോധിക്കുന്നതിനുള്ള 23 ദിവസത്തെ സമ്മേളനമാണ് ഇത്തവണ നടക്കുന്നത്. കയ്യാങ്കളിയും പോർവിളിയുമായി സഭാംഗങ്ങൾ ചേരിതിരിഞ്ഞ് ഏറ്റുമുട്ടുമ്പോൾ ഈ നാടിന്റെ വികസനസ്വപ്നങ്ങൾക്കാണ് താളഭ്രംശം സംഭവിക്കുന്നത്.

ഏതായാലും, മാധ്യമസ്വാതന്ത്ര്യത്തിനു വിലക്കേർപ്പെടുത്തുന്ന പ്രവർത്തനം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അതു നീതീകരിക്കാനാവില്ല. മാധ്യമങ്ങളെ കൂച്ചുവിലങ്ങിടാൻ ഭരണപക്ഷം നടത്തിയ ശ്രമങ്ങൾ സർക്കാരിനെന്തോ ഒളിക്കാനുണ്ട് എന്ന സംശയം ബലപ്പെടുത്തുന്നു. നിയമം നിയമത്തിന്റെ വഴിക്കുപോകട്ടെയെന്നും മടിയിൽ കനമുള്ളവനേ വഴിയിൽ ഭയക്കേണ്ടതുള്ളൂ എന്നും ആത്മവിശ്വാസത്തോടെ പലവട്ടം വീമ്പിളക്കുന്നവർ എന്തിനാണു മാധ്യമങ്ങളെ പേടിക്കുന്നത് എന്ന ചോദ്യവും പ്രസക്തം. സത്യം എത്രത്തോളം മൂടിവയ്ക്കാൻ ശ്രമിക്കുന്നുവോ, പതിന്മടങ്ങു ശക്തിയോടെ അതു പുറത്തുവരും. സെക്രട്ടേറിയറ്റിൽ കർശനനിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടും, താഴിട്ടു പൂട്ടിവച്ചിരിക്കുന്ന ഫയലുകളിലെ വിവരങ്ങൾ പുറത്തേക്കു വരുന്നത് അതാണു തെളിയിക്കുന്നത്. ഓർക്കുന്നതു നന്ന്, ഒരു മാധ്യമവിലക്കുകൊണ്ടും സത്യത്തെ ആർക്കും തോല്പിക്കാനാവില്ല.

# വടവാതൂർ സെമിനാരി ലോകോത്തരമാതൃക

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി



*വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെയും പൗരസ്ത്യ വിദ്യാപീഠത്തിന്റെയും ജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, മലങ്കര ഓർത്തഡോക്സ് സഭാ കാതോലിക്ക ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിതീയൻ ബാവ, സീറോ മലങ്കര സഭാ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ എന്നിവർ ചേർന്ന് നിലവിളക്കു തെളിക്കുന്നു.*

കോട്ടയം: പൗരോഹിത്യപഠനത്തിലും പരിശീലനത്തിലും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി ലോകോത്തര മാതൃകയാണെന്ന് സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. സെമിനാരിയുടെ ഡയമണ്ട് ജൂബിലി സമാപനവും വിദ്യാപീഠത്തിന്റെ റൂബി ജൂബിലി സമാപനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു കർദിനാൾ. ആത്മീയവും സാമൂഹികവും ബൗദ്ധികവുമായ എല്ലാ തലങ്ങളിലും സഭയ്ക്ക് ഉത്തേജനം നൽകാൻ സെമിനാരിക്കു കഴിഞ്ഞിട്ടുണ്ട്. വൈദികർക്കു മാത്രമല്ല അല്മായർക്കും വിവിധ സന്ന്യസ്തസമൂഹങ്ങൾക്കും ദൈവശാസ്ത്രപരമായ പഠനത്തിന് ഈ സ്ഥാപനം പ്രാമുഖ്യം നൽകിവരുന്നു. സഭയുടെ പ്രേഷിതാഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനും സ്വത്വബോധം ഉജ്ജ്വലിപ്പിക്കുന്നതിനും വിദ്യാപീഠം വലിയ സംഭാവനകൾ നല്കിയതായി കർദിനാൾ പറഞ്ഞു.

ചങ്ങനാശേരി ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിച്ചു. സീറോ മലങ്കര സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, മലങ്കര ഓർത്തഡോക്സ് സഭ കാതോലിക്ക ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതിയൻ ബാവ, കേരള ലാറ്റിൻ കാത്തലിക് ബിഷപ്സ് കൗൺസിൽ പ്രസിഡന്റ് ഡോ. ജോസഫ് കരിയിൽ എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തി. തലശേരി സെന്റ് ജോസഫ്സ് സെമിനാരി റെക്ടർ റവ. ഡോ. ജോർജ് കരോട്ട്, വൈദിക വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ പ്രതിനിധി മോളി ജോർജ് പുത്തൻപുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു. സെമിനാരി റെക്ടർ റവ. ഡോ. സിറിയക് കന്യാകോണിൽ സ്വാഗതവും പൗരസ്ത്യവിദ്യാപീഠം പ്രസിഡന്റ് റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ കൃതജ്ഞതയും അർപ്പിച്ചു.

സമ്മേളനത്തിനു മുന്നോടിയായി സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്, വിജയപുരം ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ എന്നിവർ സഹകാർമികരായിരുന്നു. മാർ ജോസഫ് കല്ലറങ്ങാട്ട് വചനസന്ദേശം നൽകി. ആർച്ചുബിഷപ് മാർ ആന്റണി കരിയിൽ, ബിഷപ്പുമാരായ മാർ ജോസ് പുളിക്കൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മാർ തോമസ് തറയിൽ, ഗീവർഗീസ് മാർ അപ്രേം, സെമിനാരി മുൻ റെക്ടർമാർ, സെമിനാരിയിൽ നിന്നു പഠിച്ചിറങ്ങിയ വിവിധ രൂപതകളിലെ വൈദികർ, വിവിധ സന്ന്യാസസമൂഹപ്രതിനിധികൾ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു.

ജൂബിലി ആഘോഷിക്കുന്ന സെമിനാരിയിലും വിദ്യാപീഠത്തിലുമായി 2072 വൈദികർ ഇതിനോടകം പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു. ഇവരിൽ 26 പേർ മെത്രാന്മാരായി.

# പൂർവികരിലൂടെ ലഭിച്ച വിശ്വാസം നമ്മുടെ കരങ്ങളിൽ ഭദ്രമാണോ?

*1-ാം പേജ് തുടർച്ച*

വിശ്വാസജീവിതം നവസുവിശേഷവത്കരണംകൊണ്ട് പ്രകാശപൂരിതമാക്കണം. ഭൗതികവത്കരണത്തെ സുവിശേഷവൽക്കരണംകൊണ്ടു പ്രതിരോധിക്കേണ്ടിയിരിക്കുന്നു. സുവിശേഷമൂല്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് വേണ്ടത്ര ജാഗ്രത പുലർത്തിയില്ലെങ്കിൽ, ഭൗതികവത്കരണത്തിന്റെ വക്താക്കളും വിശ്വാസിയാകാതെ അവിശ്വാസിയായി മാറി എന്നതിന്റെ അടയാളങ്ങളുമായി സഭാമക്കൾ അധഃപതിക്കും. സഭയെത്തന്നെ കൂടുതൽ സുവിശേഷവത്കരിക്കാൻ വ്യക്തികളും കുടുംബങ്ങളും നേതൃത്വവും കൂടുതൽ സുവിശേഷവത്കരിക്കപ്പെടേണ്ടിരിക്കുന്നു. വ്യക്തികേന്ദ്രീകൃതവും കുടുംബകേന്ദ്രീകൃതവുമായ അജപാലനശൈലി ഇതിനായി കൂടുതൽ അവലംബിക്കണം. കേരളസഭയുടെ നവീകരണത്തിൽ ലക്ഷ്യം വയ്ക്കുന്ന കർമപരിപാടികൾ മേൽസൂചിപ്പിച്ചതുപോലെ വിശ്വാസജീവിതത്തിന്റെ പുനരുത്ഥാനത്തിനു കാരണമാകട്ടെ. അതിന് ആസൂത്രണം ചെയ്തിരിക്കുന്നവ; കൂട്ടായ്മയിലേക്കുള്ള മാനസാന്തരം, പ്രാർത്ഥനാജീവിതം, വിശ്വാസപരിശീലനം, അനുരഞ്ജനമേഖലകൾ, ദരിദ്രശുശ്രൂഷ, പ്രേഷിതപ്രഘോഷണം, വൈദിക - സന്ന്യസ്ത പ്രേഷിതത്വം, കുടുംബപ്രേഷിതത്വശുശ്രൂഷ, അല്മായപങ്കാളിത്തവും പ്രേഷിതത്വവും, യുവജനശുശ്രൂഷ, പരിസ്ഥിതിപരമായ മാനസാന്തരം, സംവാദമേഖലകൾ എന്നിങ്ങനെയാണ്. ഇവയെല്ലാം ഒരു പ്രത്യേക പ്രദേശത്തിന്റെ വിശ്വാസജീവിതമല്ല; മറിച്ച്, വിശ്വാസിസമൂഹത്തിന്റെ നവീകരണമാണു ലക്ഷ്യമിടുന്നത്.

കേരളസഭയുടെ നവീകരണകാലഘട്ടത്തിൽ സീറോമലബാർ സഭാംഗങ്ങൾ തങ്ങളുടെ വിശ്വാസജീവിതത്തിൽ കൂടുതൽ തീക്ഷ്ണതയുള്ളവരായി ഉയിർത്തെഴുന്നേൽക്കാൻ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിരുനാൾ സഹായകമാകട്ടെ. കൈമോശം വന്നുപോയവയെ പതിന്മടങ്ങു ശക്തിയോടെ തിരിച്ചുപിടിക്കാൻ ഇനിയുള്ള നമ്മുടെ വിശ്വാസ-സാക്ഷ്യജീവിതത്തിനാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഏവർക്കും ദുക്റാനത്തിരുനാളിന്റെ അനുഗ്രഹാശംസകൾ.

■

# ലഹരിയിൽ മയങ്ങരുതേ!



സാഗര എസ്.

ഗൗരവമായ ചർച്ചകളും പ്രവർത്തനങ്ങളുമാവശ്യപ്പെടുന്ന ഒരു ദിനമാണ് ജൂൺ 26, ലോകലഹരിവിരുദ്ധദിനം. സ്കൂൾ - കോളജ് തലങ്ങളിൽ ഊർജിതവും അടിയന്തരവുമായ രക്ഷാപ്രവർത്തനം ഈ മേഖലയിൽ നടത്തേണ്ടതുണ്ട്. ഓരോ ദിവസവും പുതിയ രൂപത്തിലും ഭാവത്തിലും ലഹരിവസ്തുക്കൾ അത്രമേൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. നാട്ടിടങ്ങളും നഗരപ്രദേശങ്ങളും തമ്മിൽ അത്ര വലിയ അന്തരമൊന്നുമില്ലാത്ത ചുറ്റുപാടിൽ കുട്ടികളിലേക്കും കൗമാരക്കാരിലേക്കും ഇത്തരം ലഹരിവസ്തുക്കൾ വേഗത്തിൽ എത്തുന്നു.

ലഹരിമരുന്നുവ്യാപനം തടയാൻ രാജ്യങ്ങൾ തമ്മിലുള്ള സഹകരണം ഉറപ്പാക്കുക, ലഹരിവസ്തുക്കളുടെ ഉത്പാദനവും ഉപയോഗവും ഇല്ലാതാക്കുക, ലഹരിമുക്തമായ ലോകം സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തിലൂന്നിയാണ് ഐക്യരാഷ്ട്രസംഘടന എല്ലാവർഷവും ജൂൺ 26 ലഹരിവിരുദ്ധദിനമായി ആചരിക്കുന്നത്. മയക്കുമരുന്നുകളെക്കുറിച്ചുള്ള 'വസ്തുതകൾ പങ്കിടുക, ജീവൻ രക്ഷിക്കുക' (Share drug facts, Save lives) എന്ന തീം ഈ വർഷത്തെ ലഹരിവിരുദ്ധദിനം ചർച്ച ചെയ്യുന്നു.

സാമ്പത്തികമായി ഉണ്ടാകുന്ന ഉന്നതി, ആധുനിക ജീവിതരീതിവഴിയുണ്ടാകുന്ന മാനസികപിരിമുറുക്കങ്ങൾ, സാമ്പത്തികവും സാമൂഹികപരവുമായി വർദ്ധിച്ചു വരുന്ന വ്യത്യാസങ്ങൾ, സ്വന്തം ജീവിതരീതികളോട് ഒരാൾക്കു തോന്നുന്ന താത്പര്യമില്ലായ്മ, ആകാംക്ഷ നിറഞ്ഞ താത്പര്യങ്ങൾ, സമപ്രായക്കാരുടെ മുമ്പിൽ പൊങ്ങച്ചം കാണിക്കാനുള്ള താത്പര്യം എന്നിവയാണ് കുട്ടികളെയും മുതിർന്നവരെയും ലഹരിയിലേക്ക് ആകർഷിക്കുന്ന കാരണങ്ങൾ. വിശാലതലത്തിലും അർത്ഥത്തിലുമല്ല ഇത്തരം പ്രശ്നങ്ങൾ പഠിക്കേണ്ടത്. വ്യക്തികേന്ദ്രീകൃതമായുള്ള പ്രശ്നസമീപനമാണ് ആവശ്യം.

ലഹരിവസ്തുക്കളുടെ സഹായമില്ലാതെ ശാരീരികവും മാനസികവുമായ പ്രവൃത്തികൾ ചെയ്യാൻ സാധിക്കാതെ വരിക, ലഹരിവസ്തുക്കൾ ഉപയോഗിക്കാൻ പാടില്ലാത്ത സാമൂഹിക സാഹചര്യങ്ങളിലും, അനുചിതമായ സ്ഥലങ്ങളിലും സമയങ്ങളിലുമുള്ള ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം, ഒരുവന്റെ വ്യക്തിപരമായ ജീവിതത്തിലും ജോലിയിലും സാമൂഹികജീവിതത്തിലും ലഹരിയുടെ ഉപയോഗംമൂലം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാവുന്ന അവസ്ഥ തുടങ്ങിയവ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവരിൽ വിവിധ തോതിൽ കാണാനാവും. എത്രത്തോളം ലഹരിക്ക് അടിമപ്പെട്ടു എന്നു തെളിയിക്കുന്നത് ഈ തോതാണ്.




മനുഷ്യന്റെ ബോധമണ്ഡലത്തിൽ കടന്നു മയക്കമോ ഉത്തേജനമോ സൃഷ്ടിക്കാൻ കഴിവുള്ള ലഹരിവസ്തുക്കൾ സമൂഹത്തെ മുഴുവനായും നശിപ്പിക്കാൻ പര്യാപ്തമാണ്.

വിജയകരമായ ഒട്ടനവധി പ്രവർത്തനങ്ങൾ സാമൂഹികസാംസ്കാരിക സംഘടനകൾ വഴി നാം ഇതുവരെ ചെയ്തുകഴിഞ്ഞു. എന്നിട്ടും സ്കൂൾകുട്ടികളിൽ സുലഭമായി എത്തുന്നുണ്ട് ലഹരി. ചില പ്രദേശങ്ങളും സ്ഥാപനങ്ങളും കേന്ദ്രീകരിച്ചു വ്യക്തമായ ആസൂത്രണത്തോടെ ഇനിയും ഒട്ടേറെ കാര്യങ്ങൾ ചെയ്യാനുണ്ട് എന്നതാണ് ഇവിടെ വ്യക്തമാവുന്നത്. സ്കൂളുകളും കോളജുകളും ലഹരിവിമുക്തമാക്കാൻ എന്തെല്ലാം ചെയ്യാമെന്ന് പ്രാദേശാടിസ്ഥാനത്തിൽ തീരുമാനിക്കണം.

2021, 2022 വർഷങ്ങളിലായി 7,553 കിലോ കഞ്ചാവ്, 37,349.855 ഗ്രാം ഹാഷിഷ് ഓയിൽ, 10,165.702 ഗ്രാം എംഡിഎംഎ എന്നിവ എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്. പുതുതലമുറ കൂടുതൽ അപകടം സൃഷ്ടിക്കുന്ന സിന്തറ്റിക് ഡ്രഗ്ഗുകൾ ഉപയോഗിക്കുന്നതായാണ് അടുത്ത കാലത്തു കണ്ടെത്തിയ കേസുകൾ പരിശോധിച്ചതിൽ നിന്നു മനസിലാക്കുന്നത്.

വളരെയധികം വിലകൂടിയതും ഒളിപ്പിച്ചു കടത്താൻ എളുപ്പമുള്ളതും ദോഷവശങ്ങൾ അതിതീവ്രവുമായ സിന്തറ്റിക് ഡ്രഗ്ഗുകൾ ഉപയോഗിക്കുന്നതിലൂടെ വരും തലമുറയുടെ ഭാവിതന്നെ ഇരുളടയുന്നു. മയക്കുമരുന്നുകൾ ഉപയോഗിക്കുന്നവരിൽ പൊതുവെ വിഭ്രാന്തി, അകാരണഭീതി, ആകുലത, മിഥ്യാബോധം എന്നിങ്ങനെയുള്ള അവസ്ഥകൾ ഉണ്ടാവുന്നു. പക്വതയോടുകൂടിയ പെരുമാറ്റമോ ബോധപൂർവമുള്ള പ്രതികരണങ്ങളോ അവരിൽനിന്നു നമുക്കു പ്രതീക്ഷിക്കാനാകില്ല. കുട്ടികളെയും യുവാക്കളെയുമാണ് ലഹരിമാഫിയ പ്രധാനമായും ലക്ഷ്യമിടുന്നത്. അതുകൊണ്ടുതന്നെ, ലഹരിമാഫിയയുടെ വേരറുക്കുന്നതിന്, അവരിലേക്കെത്താൻ ഏറെ സാധ്യതയുള്ള യുവാക്കളെയും കുട്ടികളെയും കേന്ദ്രീകരിച്ചുതന്നെ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ സംസ്ഥാന എക്സൈസ് വകുപ്പ് സർവകാല റെക്കോഡാണ് കൈവരിച്ചിരിക്കുന്നത്. മയക്കുമരുന്നു കുറ്റകൃത്യങ്ങൾക്കെതിരേ ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിൽ ഓരോ മാസവും വൻവർധനയാണ് ഉണ്ടായിട്ടുള്ളത്.

സ്കൂളുകൾക്കു സമീപം ലഹരി വിൽക്കുന്ന കടകളോ ആളുകളോ ഇല്ലെന്ന് അധ്യാപകരുടെയും തദ്ദേശ സ്ഥാപന പ്രതിനിധികളുടെയും സഹായത്തോടെ ഉറപ്പുവരുത്തണം.

കുട്ടികൾക്കൊപ്പം മാതാപിതാക്കൾക്കും മുതിർന്ന സഹോദരങ്ങൾക്കും ബോധവത്കരണം നടത്തണം. ഇവരിൽ ആരെങ്കിലും ഏതെങ്കിലും തരത്തിലുള്ള ലഹരിവസ്തുക്കൾക്ക് അടിമപ്പെട്ടവരാണെങ്കിൽ അവർക്കും കൃത്യമായ ചികിത്സ ഉറപ്പാക്കണം.


പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലും ബോധവൽക്കരണവും അനുബന്ധ ചികിത്സാവിധികളും നടത്തണം.

ഏതെങ്കിലും തരത്തിലുള്ള ലഹരിവസ്തുക്കൾ 25 വയസ്സിനു താഴെയുള്ളവർക്കു നൽകുന്നവർക്കു തക്കതായ ശിക്ഷ നൽകാൻ അധികാരികൾ തയ്യാറാവണം.

അന്താരാഷ്ട്ര ലഹരിമാഫിയ വിപണിക്കായി ലക്ഷ്യമിട്ടിരിക്കുന്നത് ഇന്ത്യ ഉൾപ്പെടെയുള്ള മൂന്നാം ലോക രാഷ്ട്രങ്ങളെയാണ്. നമ്മുടെ വിഭവശേഷികളിൽ അതിപ്രധാനമായ പുതുതലമുറകളിലാണ് മാഫിയകൾ സ്വപ്നം നെയ്യുന്നത്. ഇന്ത്യയുടെ കടൽത്തീരങ്ങളിൽനിന്നുള്ള ലഹരിവേട്ട ഇതിനോടൊപ്പം ചേർത്തുവായിക്കാം.

■

# നിങ്ങളാണ് എന്റെ കൈകൾ



സി.എൽ. ജോസ്

ലോകജനതയെ കഠിനമായി ദുഃഖിപ്പിക്കുകയും വിഷമിപ്പിക്കുകയും ചെയ്ത ഒരു ദുരന്തമോ ദുരനുഭവമോ ആയിരുന്നു രണ്ടാം ലോകമഹായുദ്ധം. 1939 മുതൽ 1945 വരെ നീണ്ടുനിന്ന യുദ്ധം. അത് അവസാനിച്ചത് അമേരിക്കയുടെ മാരകശക്തിയുള്ള ആദ്യത്തെ അണുബോംബ് 1945 ഓഗസ്റ്റ് ആറിന് ജപ്പാനിലെ ഹിരോഷിമയിലും ഓഗസ്റ്റ് ഒമ്പതിന് നാഗസാക്കിയിലും വർഷിച്ചപ്പോഴാണ്.

ആറുവർഷം നീണ്ടുനിന്ന ആ യുദ്ധത്തിൽ എല്ലാ രാജ്യങ്ങളിലുംകൂടി ആകെ മരിച്ച സൈനികർ തൊണ്ണൂറ്റാറു ലക്ഷം. മരിച്ച സാധാരണ പൗരന്മാർ രണ്ടു കോടി. പട്ടിണി, ദാരിദ്ര്യം, രോഗം, ക്ഷാമം, പകർച്ചവ്യാധി, അണുപ്രസരം - ഇങ്ങനെ ആകെക്കൂടി ലോകമഹായുദ്ധം ഈ ഭൂമുഖത്തുനിന്നു തുടച്ചുനീക്കിയത് ആറുകോടി മനുഷ്യരെ.

ഒരു സംഭവം ഓർക്കുന്നു. വിദേശത്തുള്ള ഒരു കത്തീഡ്രൽ. അതിന്റെ തിരുമുറ്റത്ത് ഇരുകരങ്ങളും നീട്ടി ലോകത്തെ മുഴുവൻ അനുഗ്രഹിക്കുന്ന ക്രിസ്തുവിന്റെ ഒരു വലിയ പ്രതിമ. ശത്രുസൈന്യത്തിന്റെ ബോംബാക്രമണത്തിൽ കത്തീഡ്രൽ അമ്പേ തകർന്നു. പക്ഷേ, ദൈവാലയാങ്കണത്തിലെ പ്രതിമ തകർന്നില്ല. എങ്കിലും 'ക്രിസ്തുവിന്' പരിക്കേറ്റു. ബോംബുസ്ഫോടനത്തിൽ പ്രതിമയുടെ രണ്ടു കൈകളും അറ്റുപോയി. ഇന്നലെവരെ ലോകത്തെ അനുഗ്രഹിച്ചുനിന്ന പ്രതിമ കൈയില്ലാത്ത പ്രതിമയായി. ദൈവാലയം തകർന്നതിൽ വിശ്വാസികൾ അതീവ ദുഃഖിതരാണെങ്കിലും മുറ്റത്തെ പ്രതിമയുടെ സ്ഥിതി കണ്ട് അവർക്ക് അല്പമെങ്കിലും ആശ്വാസം തോന്നി.



വേർപെട്ട കൈകൾ തെറിച്ചുപോയത് എവിടെയെന്നു കണ്ടുപിടിക്കാനും കണ്ടുകിട്ടിയാൽ കൂട്ടിച്ചേർത്തു പ്രതിമയെ പൂർവസ്ഥിതിയിലേക്കു കൊണ്ടുവരാനും വിശ്വാസികളും അധികാരികളും ഏതാനും പട്ടാളക്കാരും തീവ്രമായ ശ്രമങ്ങൾ നടത്തിയെങ്കിലും തെറിച്ചുപോയ കൈകൾ കണ്ടുകിട്ടിയില്ല. അവ കഷണങ്ങളായി നുറുങ്ങിപ്പോയോ പൊടിഞ്ഞു ധൂളിയായിത്തീർന്നോ എന്നറിയില്ല. ശരിയായ അളവിലും ഭംഗിയിലും പുതിയ രണ്ടു കൈകൾ നിർമിച്ച് പ്രതിമയിൽ കൂട്ടിച്ചേർക്കാൻ ആലോചനകൾ നടന്നു.

യുദ്ധഭീകരതയിൽ നശിച്ചുപോകാത്ത, കൈയില്ലാത്ത ആ പ്രതിമ കാണാൻ മാത്രമായി ഇതിനകം രാജ്യത്തിന്റെ പല ഭാഗങ്ങളിൽനിന്നും വിശ്വാസികളെത്തി. ആഴ്ചകളും മാസങ്ങളും കഴിഞ്ഞപ്പോഴേക്കും അദ്ഭുതപ്രതിമ ദർശിക്കാനും വണങ്ങാനും ലോകത്തിന്റെ നാനാഭാഗത്തുനിന്നും തീർത്ഥാടകരും വിനോദസഞ്ചാരികളും എത്തിത്തുടങ്ങി. ചുരുങ്ങിയ മാസങ്ങൾകൊണ്ട് അവിടം ഒരു തീർത്ഥാടനകേന്ദ്രമായി മാറി.

ഒരിക്കൽ പ്രതിമ കാണാനെത്തിയ തീർത്ഥാടകസംഘത്തിലെ ഒരു യുവാവ് - ഭാവനാസമ്പന്നനും വിവേകമതിയുമായ ഒരു ചെറുപ്പക്കാരൻ - കുറെനേരം ആ പ്രതിമയെ ധ്യാനനിരതനായി നോക്കിനിന്നശേഷം പ്രതിമയ്ക്കു താഴെ ഇങ്ങനെ എഴുതി: 'You are my hands' ക്രിസ്തു ലോകത്തോടു നേരിട്ടു പറയുന്നതുപോലെ, "നിങ്ങളാണ് എന്റെ കൈകൾ." എത്ര അർത്ഥവത്തായ വാക്കുകൾ! എത്ര പ്രചോദനാത്മകമായ പദങ്ങൾ!

ആ യുവാവ് കുറിച്ചിട്ടത് എത്രയോ ശരി. വേദനിക്കുന്നവരുടെയും ദുഃഖിതരുടെയും കണ്ണുനീരൊപ്പാൻ, അവശരായ രോഗികളെ താങ്ങാനും തഴുകാനും പരിചരിക്കാനും ഇന്നു ക്രിസ്തുവിനു നമ്മുടെ കൈകൾ വേണം. അഗതികൾക്കും സാധുക്കൾക്കും ഉദാരമായി സഹായം വച്ചുനീട്ടാൻ ക്രിസ്തുവിനു നമ്മുടെ കരങ്ങൾ വേണം.

നന്മ ചെയ്ത് ഓടി നടക്കാനും സേവനവും സഹായവും ആവശ്യമുള്ള ഇടങ്ങളിലേക്കു കുതിച്ചെത്താനും ക്രിസ്തുവിന് ഇന്ന് നമ്മുടെ കാലുകൾ വേണം. വേദനകൾ ഉള്ളടക്കിക്കഴിയുന്ന മനുഷ്യനെ അനുകമ്പയോടെ, കരുണയോടെ നോക്കാൻ ക്രിസ്തുവിന് നമ്മുടെ കണ്ണുകൾ വേണം. അശരണർക്കും ഹതഭാഗ്യരായ സഹോദരങ്ങൾക്കും ആശ്വാസവചനങ്ങൾ പകരാനും അവരെ സാന്ത്വനപ്പെടുത്താനും ക്രിസ്തുവിന് ഇന്ന് നമ്മുടെ നാവുകൾ വേണം.

ചുരുക്കത്തിൽ, ആധുനികലോകത്ത് നമ്മുടെ കൈകളാണ് ക്രിസ്തുവിന്റെ കൈകൾ. നമ്മുടെ കൈകളും അവയവങ്ങളും ഔദാര്യമുള്ള മനസ്സോടെ ശരിയായി പ്രവർത്തിക്കുന്നില്ലെങ്കിൽ ക്രിസ്തുവിന് ഒന്നും ചെയ്യാൻ സാധിക്കയില്ല.

■





# ദേവശങ്ഖം

ഗിരീഷ് കെ. ശാന്തിപുരം

മൂന്നാംയാമം. കിഴക്കിന്റെ ചക്രവാളത്തിൽ അരുണഭഗവാൻ നിദ്രയുണർന്നിട്ടില്ല. നട്ടാലത്തെ വടവൃക്ഷച്ചില്ലകളിൽ ചേക്കേറിയ പക്ഷിക്കൂട്ടങ്ങളും ഉണർന്നിരുന്നില്ല. രാത്രിമഴ വിതറിയ കുളിരിൽ പ്രകൃതി സുഖദമായ മയക്കത്തിൽത്തന്നെ.

രാമഴയും പ്രകൃതിയും പാടേ തോർന്നിരുന്നു. നേർത്ത നിലാവും കുളിരും പെയ്തുകൊണ്ടിരുന്നു.

മരുതുകുളങ്ങരത്തറവാടിന്റെ മുറ്റത്തുനിന്ന് ദേവസഹായത്തിന്റെ കുതിര നിലാവു പകുത്ത് പത്മനാഭപുരത്തേക്കു ചുവടുകൾ വച്ചു. കുതിരപ്പുറത്ത് ദേവസഹായത്തിനൊപ്പം ഭാർഗവിയുമുണ്ടായിരുന്നു.

ദേവസഹായത്തിന്റെ കുതിര ചെന്നുനിന്നത് ഉദയഗിരിയിലാണ്. ക്യാപ്റ്റൻ ഡിലനായിയുടെ മാളികയ്ക്കു മുമ്പിൽ. ദേവസഹായത്തിനെയും ഭാര്യയെയും ക്യാപ്റ്റൻ ഡിലനായിയുടെ കുടുംബം വളരെ ആഹ്ലാദത്തോടെയാണു സ്വീകരിച്ചത്.

അപ്രതീക്ഷിതമായിരുന്നു ദേവസഹായത്തിന്റെയും ഭാര്യയുടെയും വരവ്. അതു ക്യാപ്റ്റൻ ഡിലനായിയിൽ ചെറുതല്ലാത്ത ഒരാശങ്ക ഉണർത്താതിരുന്നില്ല.

ദേവസഹായത്തിന്റെ മതപരിവർത്തനം തറവാട്ടിൽ എന്തെങ്കിലുമൊക്കെ പ്രശ്നങ്ങളുണ്ടാക്കിയിരിക്കാം. അതുകൊണ്ടാകണം ദേവസഹായം ഉദയഗിരിയിലേക്കെത്തിയതെന്ന് ക്യാപ്റ്റൻ ഡിലനായി കരുതി.

ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിലാണെങ്കിൽപ്പോലും ഇത്രകാലം ജീവിച്ച തറവാടും സ്വന്തക്കാരെയും ബന്ധുമിത്രാദികളെയും ഉപേക്ഷിച്ചു പോരുക എന്നതു വേദനാജനകംതന്നെയാണ്. ഒരർത്ഥത്തിൽ അതു ഹൃദയം പകുത്തുമാറ്റുന്നതിനു തുല്യമാണ്.

അങ്ങനെയാണെങ്കിൽപ്പോലും അതൊരു വലിയ പ്രശ്നമായി ക്യാപ്റ്റൻ ഡിലനായിക്കു തോന്നിയില്ല. കൊട്ടാരത്തിൽനിന്ന് എല്ലാവിധ സംരക്ഷണവും ദേവസഹായത്തിനു ലഭിക്കും. കാരണം, മഹാരാജാവിനും ഉദ്യോഗസ്ഥവൃന്ദത്തിനും ദേവസഹായം പ്രിയപ്പെട്ടവൻതന്നെ.

എങ്കിലും അശുഭകരമായ എന്തോ ഒന്ന് ദേവസഹായത്തിനു വിളിപ്പാടകലെ നില്ക്കുന്നുവെന്ന് ഡിലനായിയുടെ മനസ്സ് പറഞ്ഞു. എന്തെന്നാൽ, ദേവസഹായം തിരഞ്ഞെടുത്ത വഴി കുരിശിന്റേതാണ്. ആ വഴികളിൽ പട്ടുപരവതാനി വിരിക്കപ്പെടുകയില്ല, പൂക്കൾ വിതറപ്പെടുകയില്ല.

പക്ഷേ, ഭാർഗവിയുടെ വരവ് തന്റെ ഭർത്താവിന്റെ ചുവടുകൾ പിൻതുടരാനാണെന്നറിഞ്ഞപ്പോൾ ഡിലനായിയിലുണ്ടായിരുന്ന ആശങ്കകൾ അറ്റുപോയി. ഡിലനായിയും കുടുംബവും അതിരറ്റു സന്തോഷിച്ചു. ഭൂമിയിൽ ഒരു ജ്ഞാനപുഷ്പംകൂടി വിടരുന്നു.


ദേവസഹായം ഭാര്യയെ ഡിലനായിയുടെ മാളികയിലാക്കി പത്മനാഭപുരത്തിനു പുറപ്പെട്ടു. അവിടെ ദേവസഹായത്തിന് ഔദ്യോഗികമായി നിർവഹിക്കേണ്ട ചില ഉത്തരവാദിത്വങ്ങളുണ്ട്. പത്മനാഭപുരം കോട്ടയുടെ പണി അവസാനഘട്ടത്തിലാണ്. കൊട്ടാരംവക ഊട്ടുപുരയിലും ചില അറ്റകുറ്റപ്പണികൾ നടക്കുന്നു.

പത്മനാഭപുരത്ത് ചെയ്തുതീർക്കേണ്ട കാര്യങ്ങൾ നിവർത്തിച്ച് ദേവസഹായം വടക്കുംകുളത്തേക്കു തിരിച്ചു. ഡിലനായിയും ഭാര്യയും ഭാർഗവിയെയും കൂട്ടി വടക്കുംകുളത്തേക്കു തിരിച്ചിട്ടുണ്ടാകണം. അങ്ങനെ പറഞ്ഞുറപ്പിച്ചാണ് ദേവസഹായം പത്മനാഭപുരത്തേക്കു തിരിച്ചത്.

ദേവസഹായത്തിന്റെ കണക്കുകൂട്ടലുകൾ പിഴച്ചില്ല. അദ്ദേഹം വടക്കുംകുളം ദേവാലയത്തിലെത്തിയപ്പോൾ പള്ളിമുറ്റത്ത് ഡിലനായിയുടെ കുതിരവണ്ടി കണ്ടു. അവർ നേരത്തേ എത്തിയിരിക്കുന്നു.

ക്യാപ്റ്റൻ ഡിലനായി അങ്ങനെയാണ്. താൻ ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങളിൽനിന്ന് അണുവിട വ്യതിചലിക്കില്ല. ആ മഹിമകൊണ്ടുകൂടിയാണ് പരദേശിയായ ആ മനുഷ്യൻ തിരുവിതാംകൂറുകാരനായതും തിരുവിതാംകൂറിന്റെ പടത്തലവനായതും.

പള്ളിമേടയുടെ ഉമ്മറത്ത് ഭാർഗവിയോടൊപ്പം അവരെല്ലാവരുമുണ്ട്. പരംജ്യോതിനാഥസ്വാമികളുമായി സംസാരിച്ചു നില്ക്കുന്നു. ദേവസഹായംപിള്ളയുടെ തലതൊട്ടപ്പൻ ജ്ഞാനപ്രകാശംപിള്ളയുമുണ്ടായിരുന്നു അവരോടൊപ്പം.



പരംജ്യോതിനാഥസ്വാമികൾ വളരെ ആഹ്ളാദത്തോടെയാണ് ദേവസഹായത്തെ സ്വീകരിച്ചത്. ദേവസഹായത്തിന്റെ ജ്ഞാനസ്നാനത്തിനുശേഷം തന്റെ പ്രാർത്ഥനയുടെ നിമിഷങ്ങളിലെല്ലാം അദ്ദേഹം ദേവസഹായത്തിനെ സ്മരിച്ചിരുന്നു. എന്തെന്നാൽ, ദേവസഹായം 'തിരഞ്ഞെടുക്കപ്പെട്ടവൻ' എന്ന് അദ്ദേഹത്തിന്റെ മനസ്സ് സദാ മന്ത്രിച്ചുകൊണ്ടിരുന്നു.

ഭാർഗവി പുതിയ പുടവകളാണണിഞ്ഞിരിക്കുന്നതെന്ന് ദേവസഹായം കണ്ടു. അതു കപ്പിത്താൻ കുടുംബത്തിന്റെ ഉപഹാരമായിരിക്കണം. അങ്ങനെയല്ലാതെ മറ്റെവിടുന്ന്? ഭാർഗവി സത്യവേദം സ്വീകരിക്കുന്നതിൽ അവരെക്കാൾ ആഹ്ലാദിക്കുന്നത് മറ്റാര്?

അത് സ്വർഗം തുറക്കപ്പെട്ട മറ്റൊരു നിമിഷം. ആകാശത്ത് പരശതം പകൽനക്ഷത്രങ്ങൾ പൂത്ത നിമിഷം. വാനമേഘങ്ങളിൽനിന്ന് ദൈവത്തിന്റെ ചിത്രപതംഗങ്ങൾ ഭൂമിയിലേക്കു ചിറകടിച്ച നേരം.

പരംജ്യോതിനാഥസ്വാമികൾ ഭാർഗവിയെ സ്നാനപ്പെടുത്തി. അവൾക്ക് ജ്ഞാനപ്പൂ (ത്രേസ്യ) എന്ന് പേരു കല്പിച്ചു. ജ്ഞാനപ്രകാശംപിള്ളതന്നെയായിരുന്നു ജ്ഞാനപ്പൂവിന്റെയും തലതൊട്ടപ്പൻ.

സ്നാനജലം തലയിൽ വീണപ്പോൾ ജ്ഞാനപ്പൂവിൽനിന്ന് ഭാർഗവി അഴിഞ്ഞുപോയി. അവൾ പ്രാണനിൽ പുതിയൊരു പ്രകാശം ദർശിച്ചു. അവളുടെ കണ്ണുകളെ ബാധിച്ചിരിക്കുന്ന കാമില ചീന്തിപ്പോയി. അവളിപ്പോൾ കാണുന്നതു പുതിയ ആകാശവും പുതിയ ഭൂമിയുമാണ്. അവളുടെ വിചിന്തനങ്ങളും പുതിയത്.

പിന്നീടായിരുന്നു ജ്ഞാനക്കല്യാണം. ക്രിസ്തീയാചാരപ്രകാരം ദേവസഹായംപിള്ളയും ജ്ഞാനപ്പൂവും വിവാഹിതരായി. പരംജ്യോതിനാഥസ്വാമികൾ ഹൃദയപൂർവം അവരെ അനുഗ്രഹിച്ചാശീർവദിച്ചു. അവർ നവദമ്പതികളായി പുളകംകൊണ്ടു.

മാർഗരറ്റ് രത്നഖചിതങ്ങളായ അംഗുലീയങ്ങൾ ദമ്പതിമാർക്കു വിവാഹസമ്മാനമായി നല്കി. മാളികയിൽ അതിവിശിഷ്ടമായ വിരുന്നും ഒരുക്കിയിരുന്നു. ഊഷ്മളമായിരുന്നു ഡിലനായിയുടെ മാളികയിൽനിന്നുള്ള അനുഭവങ്ങൾ.

പക്ഷേ, അതൊന്നുമായിരുന്നില്ല ജ്ഞാനപ്പൂവമ്മാളെ ആഹ്ലാദിപ്പിച്ചത്. വിവാഹസമ്മാനമായി ലഭിച്ച പുതുവസ്ത്രങ്ങളോ രത്നം പതിച്ച മോതിരമോ പാശ്ചാത്യവിഭവങ്ങളോടുകൂടിയ വിരുന്നോ ഒന്നുമായിരുന്നില്ല.

തന്റെ പ്രിയതമന്റെ കാലടികൾ പിൻതുടരാൻ സാധിച്ചിരിക്കുന്നു എന്നുള്ളതായിരുന്നു അവളുടെ ആഹ്ലാദം. തന്റെ ഭർത്താവ് സത്യവേദം സ്വീകരിച്ചതോടെ തന്നിൽനിന്ന് അകന്നുപോകുന്നുവോ എന്നവൾ അകാരണമായി ഭയപ്പെട്ടിരുന്നു. അങ്ങനെയൊന്ന് അവൾക്കു ചിന്തിക്കാൻപോലുമാകുമായിരുന്നില്ല.

ഇപ്പോൾ അത്തരം ആശങ്കകളെല്ലാം അവളിൽനിന്നു കൂടൊഴിഞ്ഞുപോയിരുന്നു. അവളിപ്പോൾ അവളുടെ പ്രിയതമന്റെ ഹൃദയത്തെ മുറുകെപ്പിടിച്ചിരിക്കുന്നു.

നേരം ചാഞ്ഞുതുടങ്ങിയിരുന്നു. ദേവസഹായവും ക്യാപ്റ്റൻ ഡിലനായിയും മട്ടുപ്പാവിലായിരുന്നു. ജോഹന്നാസും മാർഗരറ്റും ഒപ്പമുണ്ടായിരുന്നതിനാൽ ജ്ഞാനപ്പൂവിനു മുഷിഞ്ഞില്ല. പൂർണമായും വശപ്പെടാത്ത തമിഴ്ഭാഷയിലുള്ള മാർഗരറ്റിന്റെ സംസാരം ജ്ഞാനപ്പൂവിനു നന്നേ ബോധിച്ചു. ഔപചാരികതകളൊന്നുമില്ലാതെ കാപട്യരഹിതമായിരുന്നു മാർഗരറ്റിന്റെ വർത്തമാനമത്രയും. ഒരു നല്ല സുഹൃത്തിനെ ജ്ഞാനപ്പൂ അനുഭവിച്ചറിയുകയായിരുന്നു.

ഭർത്താവ് താമസിക്കുന്നതിൽ ജ്ഞാനപ്പൂവിന് അസ്വസ്ഥത തോന്നി. എത്രയും പെട്ടെന്ന് മരുതുകുളങ്ങരയിലെത്തണം. ഒർത്ഥത്തിൽ തട്ടിയും തടഞ്ഞുമാണ് തറവാട്ടുകാര്യങ്ങൾ മുമ്പോട്ടുപോകുന്നത്. തറവാടിനുണ്ടായിക്കൊണ്ടിരിക്കുന്ന അരിഷ്ടതകൾക്കു കുറവൊന്നുമില്ല. താൻ അവിടെയില്ലെങ്കിൽ അടുക്കളക്കാര്യങ്ങൾക്കുപോലും ഉടവുതട്ടും. വാല്യക്കാരികളോ പുറംജോലിക്കാരോ കൂട്ടിയാൽ കൂടുന്നതല്ല തറവാട്ടുകാര്യങ്ങൾ.

തറവാട്ടിൽ ദീനക്കാരുടെ എണ്ണവും കുറവില്ല. ഒരാൾക്കു കുറവെന്നു കാണുമ്പോൾ മറ്റൊരാൾക്കാവും അസുഖം. കാരണവർക്കുപോലും സൗഖ്യമായി എന്നു പറയാവുന്നതേയുള്ളൂ. പൂർണ ആരോഗ്യത്തിലേക്കെത്തിയിട്ടില്ല. അപ്പോഴേക്കും ദേവസഹായത്തിന്റെ സഹചാരിയും ബന്ധുവുമായ കുമരനും ദീനക്കടലിലായി.

ദേവസഹായത്തിന്റെ ഉദ്യോഗലബ്ധിക്കുശേഷം ജ്ഞാനപ്പൂവിന് ഒരു വലിയ സഹായം തന്നെയായിരുന്നു കുമരൻ. എന്തിനുമേതിനും കുമരൻ ജ്ഞാനപ്പൂവിനൊപ്പമുണ്ടാകും. കുമരനാണ് തറവാടിനു പുറത്തുള്ള കാര്യങ്ങളൊക്കെ നോക്കി നടത്തിയിരുന്നത്. ഇപ്പോൾ അതും താളം തെറ്റിയിരിക്കുന്നു.

പിന്നെയും താമസിച്ചാണ് ഡിലനായിയും ദേവസഹായവും മട്ടുപ്പാവിന്റെ പടികളിറങ്ങിവന്നത്. അവർ നട്ടാലത്തേക്കു മടങ്ങാനൊരുങ്ങി. ആ കുടുംബത്തോടു യാത്ര പറഞ്ഞു.

ക്യാപ്റ്റൻ ഡിലനായിയുടെ കുതിരവണ്ടിയിലായിരുന്നു ദേവസഹായത്തിന്റെയും ഭാര്യയുടെയും നട്ടാലത്തേക്കുള്ള മടക്കം. ഡിലനായിതന്നെയാണ് അങ്ങനെയൊരു നിർദേശം വച്ചത്. അതാണ് നല്ലത് എന്ന് ദേവസഹായത്തിനും തോന്നി.

ഇനി രണ്ടുമൂന്നുനാൾ മരുതുകുളങ്ങരയിൽ ജ്ഞാനപ്പൂവിനൊപ്പമാണ് ദേവസഹായത്തിന്റെ വാസം. അതിനുള്ള അനുവാദം ദേവസഹായം കൊട്ടാരത്തിൽനിന്നു തരപ്പെടുത്തിയിരുന്നു. ഉദ്യോഗലബ്ധിക്കുശേഷം മരുതുകുളങ്ങരയിൽ അന്തിയുറങ്ങുക എന്നതു വല്ലപ്പോഴും സംഭവിക്കുന്ന ഒന്നായി പരിണമിച്ചിരുന്നു. അത്രയ്ക്കുണ്ടായിരുന്ന പത്മനാഭപുരത്തെ തിരക്കുകൾ.

സന്ധ്യയും ക്യാപ്റ്റൻ ഡിലനായിയുടെ കുതിരവണ്ടിയും ഒരുമിച്ചാണ് മരുതുകുളങ്ങരയിലെത്തിയത്. കുതിരവണ്ടിക്കു പിന്നാലെ ദേവസഹായത്തിന്റെ കുതിരയെ തെളിച്ചുകൊണ്ട് ഒരു നായർ പടയാളിയും മരുതുകുളങ്ങരയിലെത്തിയിരുന്നു.

കൊട്ടാരത്തിലെ ഉന്നതോദ്യോഗസ്ഥനായ നീലകണ്ഠപ്പിള്ളയും ഭാര്യയും സത്യവേദം സ്വീകരിച്ചിരിക്കുന്നു എന്ന് ക്യാപ്റ്റൻ ഡിലനായിയുടെ കുതിരവണ്ടിക്കാരനു വടക്കുംകുളത്തുവച്ചേ മനസ്സിലായിരുന്നു. അയാൾക്ക് നീലകണ്ഠപ്പിള്ളയോട് അനല്പമായ കാലുഷ്യം തോന്നുകയും ചെയ്തിരുന്നു. മരുതുകുളങ്ങരയിലെത്തിയപ്പോൾ കുതിരയുമായി വന്ന നായർപടയാളിയോടും അയാൾ വിവരം പറഞ്ഞു.

അയാൾക്കും അതത്ര പഥ്യമായിത്തോന്നിയില്ല. വിശ്വസിക്കാനും കഴിഞ്ഞില്ല. കൊട്ടാരത്തിലെ ഉന്നതോദ്യോഗസ്ഥനെന്നതിലുപരി പത്മനാഭപുരം നീലകണ്ഠസ്വാമി ക്ഷേത്രത്തിലെ കാര്യവിചാരകനുംകൂടിയാണദ്ദേഹം.

ശേഷം 12-ാം പേജിൽ



പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

ടി.പി. ശാസ്തമംഗലം

# അമൃതും മലിനജലവും

**ഇ**ക്കാലത്തു പുറത്തുവരുന്ന ചലച്ചിത്രഗാനങ്ങളും ആൽബം പാട്ടുകളും പ്രിയപ്പെട്ട വായനക്കാർ കേൾക്കാറുണ്ട്. അങ്ങനെ കേൾക്കുന്നതുകൊണ്ട് ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു. 1. ഇന്ന് മികച്ച ഗാനം (രചന, സംഗീതം, ആലാപനം, ചിത്രീകരണം ഇവ നാലും ഒരുപോലെ നിലവാരം പുലർത്തുമ്പോഴാണ് ഇങ്ങനെ ഒരു വിശേഷണം നാം നല്കുന്നത്) ഒരു ശതമാനം പോലുമില്ല. പിറക്കുന്നവ പലതും ചാപിള്ളകൾ മാത്രം! 2. രചയിതാവിന് അക്ഷരജ്ഞാനം പോരാ. അതുകൊണ്ടു ഗാനത്തിൽ നിരർത്ഥകപദങ്ങളുടെ വേലിയേറ്റമുണ്ടാവുന്നു. ചില സ്ഥിരം വാക്കുകൾ കൂട്ടിക്കുഴച്ചു വച്ചാൽ ഗാനമായി എന്ന് ഭൂരിപക്ഷം എഴുത്തുകാരും കരുതുന്നു. 3. സംഗീതം ചുക്കോ ചുണ്ണാമ്പോ എന്നറിഞ്ഞുകൂടാത്തവർ സംഗീതസംവിധായകന്റെ കുപ്പായം ലജ്ജയെന്യേ എടുത്തണിയുന്നു. അതുകൊണ്ട് ഈണത്തിന്റെ വശ്യത ഗാനത്തിനു നഷ്ടപ്പെടുന്നു. 4. ഗായകർക്ക് ആലാപനത്തിൽ ഭാവമില്ല. പല വാക്കുകളും അവർ വിഴുങ്ങിപ്പോകുന്നു. ചിലതെല്ലാം അവ്യക്തമായി മാറുന്നു. ഇങ്ങനെയുള്ള ഗായകരെ പഴയ സംഗീതസംവിധായകർ തുടക്കത്തിൽത്തന്നെ പുറത്താക്കും. 5. ഗാനചിത്രീകരണം മിക്ക സംവിധായകർക്കും വഴങ്ങുന്ന കലാപ്രവർത്തനമല്ല. അവർ മുൻവിധിയോടെ ചിലതെല്ലാം കാട്ടിക്കൂട്ടുന്നു. പലപ്പോഴും ഗാനത്തിനു പൈങ്കിളിസ്വഭാവം കൈവരുകയാണ്.

ഇനിയുമുണ്ട് അസംഖ്യം നിരീക്ഷണങ്ങൾ. സ്ഥലദൗർലഭ്യത്താൽ എല്ലാം കുറിക്കുന്നില്ല. കുറച്ചു നാൾമുമ്പിറങ്ങിയ 'മുല്ലമൊട്ട്' എന്ന മ്യൂസിക് ആൽബം ഇങ്ങനെയാണു തുടങ്ങുന്നത്:

"മുല്ലമൊട്ട് പുതച്ചെന്റെ
മണവാട്ടി
നെഞ്ചിലാകെ കരളിന്റെ കരളാണു നീ" (രചന – പി.എം. ഷമീർ; സംഗീതം – സജിത്ത് ശങ്കർ; ആലാപനം – സാലിഹ് ബഷീർ).

ഇതുകേട്ടു ഞാൻ സ്തബ്ധനായിപ്പോയി എന്നു പറഞ്ഞാൽ മതിയല്ലോ. മണവാട്ടി മുല്ലമൊട്ടു പുതയ്ക്കുന്നതിന്റെ യുക്തി എത്ര ആലോചിച്ചിട്ടും എനിക്കു പിടികിട്ടുന്നില്ല. കവിതയിലും പാട്ടിലും മറ്റും നെഞ്ച്, ഉള്ള്, മനസ്സ്, ഹൃദയം, കരൾ ഇവയെല്ലാം സമാനാർത്ഥത്തിൽ പ്രയോഗിക്കുന്ന പദങ്ങളാണ്. അതുപോലും തിരിച്ചറിയാതെ നെഞ്ചിലാകെ കരളിന്റെ കരളാണു നീ" എന്നു നായകൻ പാടുമ്പോൾ ഭാഷാബോധമുള്ള ഏതൊരു കാമുകിയും അയാളോട് അക്കാരണത്താൽത്തന്നെ അകലുകയേയുള്ളൂ.

'A feel good love song' എന്ന ആമുഖത്തോടും 'മനമാകെ' എന്ന പേരോടും കൂടിയ മറ്റൊരു ആൽബം സോങ് ഇതാ:

"മനമാകെ നിറയുന്നേ
തളിർപോലെ ഇവളെന്നും
അഴകേകും ചിരിയാലെ
ഇവളെന്നെ തഴുകുന്നേ
കുളിരേകും ഈ വനിയിൽ
നറുതെന്നൽ
ഇതാ മെല്ലെ മെല്ലെ പുൽകിപ്പോകില്ലേ" (രചന – അഭിജിത്ത് സോമൻ മുതുകുളം; സംഗീതം – സിദ്ധവേദ് സുനിൽകുമാർ; ആലാപനം – മനോജ് എം. ഗോവിന്ദ്.)

ഒന്നാന്തരം പ്രണയഗാനത്തിന്റെ അനുഭവം പ്രദാനം ചെയ്യുമെന്നു പറഞ്ഞിരിക്കുന്നതിനാൽ ഒരുകാര്യം വ്യക്തമായി. ഈ ഗാനത്തിന്റെ ശില്പികളിൽ ആരുംതന്നെ മികവുറ്റ പ്രണയഗാനങ്ങൾ ഇന്നുവരെ കേട്ടിട്ടുണ്ടാവില്ല. (പൊങ്ങച്ചം എന്നു മാന്യവായനക്കാർ തെറ്റിദ്ധരിക്കുകയില്ലെങ്കിൽ അല്പം സ്വകാര്യം പറയാം. മലയാളത്തിലെ മികച്ച 51 പ്രണയഗാനങ്ങളെക്കുറിച്ചുള്ള എന്റെ സമഗ്രമായ പഠനം 'പ്രണയഗീതി' എന്ന പേരിൽ ഒലിവ് പബ്ലിക്കേഷൻസ് പുസ്തകമായി ഇറക്കിയിട്ടുണ്ട്. വിരോധമില്ലെങ്കിൽ ഇക്കൂട്ടർ അതൊന്നു വായിക്കാൻ ശ്രമിക്കുക. അമൃതും മലിനജലവും തമ്മിലുള്ള വ്യത്യാസം അപ്പോൾ അവർക്കു മനസ്സിലാകും.)

ഈ ഗാനം ശ്രദ്ധിക്കുക. വരികൾക്കു തമ്മിൽ ഒരു ബന്ധവുമില്ല. കാതലായ ഒരാശയം ഗാനത്തിൽ കണികാണാൻപോലുമില്ല. ഇത്തരം പാട്ടുകൾ കേട്ടുകേട്ട് മനസ്സു മുരടിച്ചിരിക്കുകയാണ്. ഈ അടുത്തകാലത്തൊന്നും ഇതിനു മാറ്റം വരുമെന്നു തോന്നുന്നില്ല. ■

ഈവാംഗലിയോ 20

FROM THE BIBLE



ഫാ. തോമസ് പാട്ടത്തിൽചിറ CMF

# ശുദ്ധീകരണം

**അ**ത്യസാധാരണമായ ഒരു ശുദ്ധീകരണരംഗത്തിന് ആ ദൈവാലയം വേദിയായി. വിശുദ്ധീകരണത്തിലൂടെ സകലവും വീണ്ടെടുക്കാനുള്ള നിയോഗവുമായിട്ടാണ് അവൻ വാഴ്‌വിലേക്കു വന്നത്. വിശുദ്ധിയെന്ന തന്റെ സ്വഭാവസവിശേഷതയിലേക്കു സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ കൊണ്ടുപോവുക എന്നതായിരുന്നു അവന്റെ മാംസവും ചോരയും നീരുമൊക്കെക്കൂടിയുള്ള നമ്മുടെ ഹൃദയകോവിലുകളിലാണ് ദൈവം ഇന്നു കുടികൊള്ളാൻ കൊതിക്കുന്നത്. അപ്പോൾ അവന്റെ വാസഗേഹമായ നമ്മുടെ ഉള്ളമല്ലേ യഥാർത്ഥത്തിൽ വിശുദ്ധീകരിക്കപ്പെടേണ്ടത്? ഹൃദയമാണ് എല്ലാറ്റിന്റെയും ഉറവിടം. അതിൽനിന്നു വരുന്നവയാണ് നമുക്കു വിശുദ്ധിയോ, അശുദ്ധിയോ നല്കുന്നത്. ഉള്ളം കള്ളമില്ലാത്തതെങ്കിൽ നാം തെളിവെള്ളംപോലെ സുതാര്യരും സംശുദ്ധരുമായിരിക്കും. അതുകൊണ്ടാണ് അവന്റെ ദൃഷ്ടികൾ മനുഷ്യന്റെ ബാഹ്യരൂപത്തിന്മേൽനിന്ന് അന്തരംഗത്തിലേക്ക് ആഴ്ന്നിറങ്ങിയതും. ഹൃദയപരിവർത്തനം സാധ്യമാക്കാം. നമ്മുടെ മനോ



ലക്ഷ്യം. അതിനു മുന്നോടിയായി ചിലയിടങ്ങളിലൊക്കെ പ്രതീകാത്മകമായി അവൻ ശുദ്ധീകരിച്ചു. തുടക്കം ഒരു ദൈവാലയത്തിൽനിന്നുതന്നെയായിരുന്നു. ദൈവാലയം ദൈവം വസിക്കുന്ന സ്ഥലമാണ്. എന്നാൽ, തന്റെ മനുഷ്യാവതാരത്തോടെ മാനവഹൃദയങ്ങളെ അവൻ ദൈവാലയങ്ങളാക്കി മാറ്റി. അതുകൊണ്ടുതന്നെ, ജറൂസലേംദൈവാലയത്തിന്റെ ശുചീകരണത്തിലൂടെ മനുഷ്യഹൃദയങ്ങളിലേക്കാണ് അവൻ കൈയിൽ കെട്ടിയുണ്ടാക്കിയ കയർച്ചമ്മട്ടിയുമായി കടന്നത്. അവയുടെ സമൂലമായ പരിവർത്തനവും സമഗ്രമായ പരിശുദ്ധിയുമാണ് അവൻ ആഗ്രഹിച്ചത്. അവയിലുള്ള മ്ലേച്ഛതയുടെ മേശകളാണ് അവൻ തട്ടിയിട്ടത്. അന്നൊരിക്കൽ സംഭവിച്ച്, ഇന്നു വേദഗ്രന്ഥത്തിന്റെ ഏടുകളിൽ മാത്രം ഒതുങ്ങിനില്ക്കേണ്ട ഒന്നല്ല ആ വിശുദ്ധീകരണകർമത്തിന്റെ അധ്യായം. മറിച്ച്, നമ്മുടെ അനുദിന വിശ്വാസജീവിതത്തിൽ സ്വന്തമാക്കേണ്ട ആത്മീയനവീകരണത്തിന്റെ ഒരനുഭവമാണത്.

കല്ലും മണ്ണും മരത്തടിയും കൊണ്ടുള്ളതല്ല, മജ്ജയും വ്യാപാരങ്ങളെ മനനം ചെയ്യാം. മനസ്സാകുന്ന മുറിയിൽ ഒരു അടിച്ചുവാരലിന്റെ ആവശ്യകതയുണ്ടാകും. അതിനുള്ളിലെ മാലിന്യങ്ങളെയാകെ തൂത്തുവാരിയെടുത്ത് പശ്ചാത്താപത്തോടെ കുമ്പസാരമാകുന്ന കരുണയുടെ കൂടാരത്തിൽ നിക്ഷേപിക്കാനും അവിടെനിന്നു കൃപയും പൊറുതിയും നേടാനും സന്നദ്ധരാകാം. ഒരുക്കത്തോടെ അടുപ്പിച്ചുള്ള അനുരഞ്ജനകൂദാശാസ്വീകരണംവഴി നമ്മുടെ ഹൃദയമാനസങ്ങൾ വെടിപ്പും വെണ്മയുമുള്ളവയാകട്ടെ. അവയുടെ പ്രഭ നമ്മുടെ മുഖങ്ങളിൽ പ്രകാശിക്കട്ടെ. വാങ്ങുന്നവയൊക്കെ ശുദ്ധമായിരിക്കണമെന്നുള്ള വാശി സ്വഭാവശുദ്ധിയിലും വേണം. നമ്മുടെ ഹൃദയം വിശുദ്ധീകരിക്കപ്പെടുമ്പോൾ നാമും നാം വസിക്കുന്ന ഇടവും നമുക്കു ചുറ്റുമുള്ളവരും താനേ പവിത്രീകരിക്കപ്പെടും. അപ്പോൾ സ്വർഗം സ്വപ്നം കാണുന്ന രാജ്യം നമ്മിലൂടെ മണ്ണിൽ യാഥാർത്ഥ്യമാകും. ഒപ്പം, ആരുടെയും ഹൃദയം മലിനമാകാൻ നാം നിമിത്തമാകാതിരിക്കാം. അഖിലരുടെയും ഹൃദയനാഥനാകാൻ ആശിക്കുന്നവനാണ് നമ്മുടെ ദൈവം. ■



# ദേവാങ്കണം

11-ാം പേജ് തുടർച്ച

അങ്ങനെയുള്ള ഒരാൾ തന്റെ വിശ്വാസപാരമ്പര്യങ്ങളും അനുഷ്ഠിച്ചുപോന്ന മഹത്തായ ആചാരാനുഷ്ഠാനങ്ങളുമെല്ലാം വെടിഞ്ഞ് ക്രിസ്തുമതം സ്വീകരിച്ചു എന്നത് അവിശ്വസനീയംതന്നെ.

സാക്ഷാൽ ശ്രീപത്മനാഭദാസനായ, കറകളഞ്ഞ ബ്രാഹ്മണഭക്തനായ മഹാരാജാവ് ഇതെങ്ങനെ ക്ഷമിക്കും?

പക്ഷേ, ഒന്നുണ്ട്. മഹാരാജാവുതന്നെയാണ് വലിയ കപ്പിത്താന് ഉദയഗിരിയിൽ ദേവാലയം നിർമിച്ചുകൊടുത്തതും അവിടെ പൂജ ചെയ്യാൻ വരുന്ന കത്തനാർക്ക് രാജഭണ്ഡാരത്തിൽനിന്നു ശമ്പളമനുവദിച്ചതും. ആ നിലയ്ക്ക് ഈ വിവരം രാജസന്നിധിയിലെത്തിയാലും ഒന്നുംതന്നെ സംഭവിക്കാൻ പോകുന്നില്ല.

എങ്കിലും ഒരനിഷ്ടം അവരുടെയുള്ളിൽ നുരകുത്തി. പക്ഷേ, അതവർ പ്രകടമാക്കിയില്ല. അതിനുള്ള ധൈര്യം അവർക്കുണ്ടായില്ല. ദേവസഹായം മഹാരാജാവിനു പ്രിയപ്പെട്ടവനാണ്. വലിയ കപ്പിത്താന്റെ ഉറ്റമിത്രമാണ്. അതുകൊണ്ട് മൗനംതന്നെയാണു ഭൂഷണം.

രാത്രിക്കു മുന്നിരുട്ടായിരുന്നു. ഭാര്യയോടൊപ്പം അകത്തേക്കു പോയ ദേവസഹായം താമസംവിനാ ഒരു ഭൃത്യനോടൊപ്പം പുറത്തേക്കു വന്നു. ഭൃത്യൻ കൈയിൽ ഒരു ചങ്ങലവട്ടയുമേന്തിയിരുന്നു.

ഉദയഗിരിയിലേക്കു മടങ്ങാനുള്ള അനുവാദത്തിനുവേണ്ടി കാത്തുനില്ക്കുകയായിരുന്നവർ. ദേവസഹായം പറഞ്ഞു:

"ഈ രാത്രിയിൽ നിങ്ങൾ മടങ്ങുന്നില്ല. പുലർച്ചെ പുറപ്പെടാം. അവർ മറുത്തൊന്നും പറഞ്ഞില്ല. അതവർക്കും അഭികാമ്യമായിത്തോന്നി. ഉദയഗിരിയിലേക്കുള്ള രാത്രിയാത്ര അത്ര സുഗമമല്ല. നിലാവു തെളിയണമെങ്കിൽ രാത്രിയുടെ മധ്യയാമങ്ങൾ കഴിയണം.

ദേവസഹായം അവർക്കു മാറ്റിയുടുക്കാനും കുളിച്ചുതോർത്താനുമുള്ള വസ്ത്രങ്ങൾ നല്കി. ഭൃത്യൻ അവർക്കു വീടിന്റെ പിൻഭാഗത്തുള്ള കുളത്തിലേക്കു വെളിച്ചം കാട്ടി. അവരോടൊപ്പം ദേവസഹായവുമുണ്ടായിരുന്നു.

കുളപ്പടവിൽ, ഭൃത്യന്റെ കൈയിലിരുന്ന ചങ്ങലവട്ടയിൽനിന്ന് വെളിച്ചം കുളത്തിലേക്കു ചിന്നിവീണു. കണ്ണീർപോലെ തെളിമയുള്ള വെള്ളം. കൊട്ടാരംവക കുളത്തിൽപ്പോലുമില്ല ഇത്ര തെളിഞ്ഞ വെള്ളം. അവിടവിടെയായി ആമ്പൽമൊട്ടുകൾ വിടരാൻ വെമ്പിനിൽക്കുന്നുണ്ട്.

ഉള്ളം കുളിരുംവരെ അവർ കുളത്തിന്റെ അടിയൊതുക്കുകളിൽ കഴുത്തറ്റം വെള്ളത്തിൽ നിന്നു. പിന്നെ മുങ്ങിക്കയറി.

ചങ്ങലവട്ടത്തെളിമയിൽ അവർ മരുതുകുളങ്ങരത്തറവാടിന്റെ നാലിറയത്തേക്കു കയറി.

*(തുടരും)*






ജസ്റ്റിൻ തോമസ്

# ദുഃഖമരുതേ
# അവർ ദൈവകരുണയുടെ മക്കൾ



പ്രശസ്ത കായികതാരം ജോബി മാത്യുവിനെ അറിയാത്തവരില്ല. വളരെ ചെറിയ രണ്ടു കാലുകളുമായി ജനിച്ച ജോബിയെ അപ്പനും അമ്മയും പൊന്നുപോലെ നോക്കിയതിന്റെ ഫലം ഇന്ന് ജോബിയിലൂടെ ലോകം നോക്കിക്കാണുന്നു, അനുഭവിക്കുന്നു. ഭിന്നശേഷിയുള്ള, മാനസികത്തകരാറുള്ള, പഠനവൈകല്യമുള്ള ഒരു കുട്ടി വീട്ടിൽ അംഗമാകുമ്പോൾ നാം മനസ്സിലാക്കേണ്ടത്, അവരെ നോക്കുവാൻ, പരിപാലിക്കുവാൻ മനസാന്നിധ്യമുള്ള മാതാപിതാക്കളെ അവർക്കു ദൈവം നല്കുന്നുവെന്നാണ്. ഈ ബോധ്യമുള്ള മാതാപിതാക്കൾ അതു പൂർണമായും ഉൾക്കൊള്ളും. എന്നിരുന്നാലും ഇത്തരം കുട്ടികളെയോർത്തു ദുഃഖിക്കുന്ന ന്യൂനപക്ഷം മാതാപിതാക്കളെങ്കിലും എന്റെ കൗൺസലിങ് പരിചയത്തിലുണ്ട്.

**വൈകല്യമുള്ള കുട്ടികളെ ഓർത്ത് മാതാപിതാക്കൾ ദുഃഖിക്കുന്നതെന്ത്?**

കൗൺസലിങ് സമയത്ത് 'എന്നെ എന്തിനു ദൈവം പരീക്ഷിക്കുന്നു' എന്നു ചോദിച്ച ഒരു പിതാവിനെ ഓർക്കുന്നു. എന്നാൽ, പരീക്ഷണം എന്ന ചിന്തയ്ക്കപ്പുറം തന്റെ കുട്ടിയിലൂടെ പ്രപഞ്ചസത്യങ്ങളെ തിരിച്ചറിയാനുള്ള അവസരമായി വൈകല്യമുള്ള കുട്ടിയുടെ സാന്നിധ്യത്തെ മാറ്റിയെടുക്കുവാൻ അദ്ദേഹത്തിനു പിന്നീടു കഴിഞ്ഞു. ഇത്തരം മാറ്റങ്ങളും തിരിച്ചറിവുകളും ഹെലൻ കെല്ലറെപ്പോലുള്ള മഹാവ്യക്തികൾക്കു ജന്മം നല്കി എന്നതു ചരിത്രം.

താഴെപ്പറയുന്ന മൂന്നു പ്രധാനകാരണങ്ങളാൽ മാതാപിതാക്കൾ ദുഃഖിക്കുന്നു. ഒന്ന്, തങ്ങളുടെ കുട്ടിയുടെ ഭാവി എന്താകും എന്ന ചിന്തയാൽ. രണ്ട്, തങ്ങളുടെ ദുർവിധിയെ ഓർത്ത്. മൂന്ന്, സമൂഹത്തിലെ മാനക്കേടിനെ ഓർത്ത്. തങ്ങളുടെ കുട്ടിയുടെ ഭാവി എന്താകും എന്ന ചിന്തയ്ക്ക് അടിസ്ഥാനമില്ല എന്നതാണ് വസ്തുത. കാരണം, ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഇന്ന് സമൂഹം വളരെ ഉയർന്ന സ്ഥാനം നൽകുന്നു. അരയ്ക്കു കീഴ്പ്പോട്ടു തളർന്ന എന്റെ പ്രിയശിഷ്യ ഗൗരിമോൾ ഇന്ന് ലോകമറിയുന്ന സോഷ്യൽ മീഡിയ സാന്നിധ്യവും കുടുംബത്തിന്റെ വെളിച്ചവുമാണ്. എന്നെ അലട്ടിയിരുന്ന മൂന്നു പഠനവൈകല്യങ്ങളെക്കുറിച്ചു ഞാൻ തന്നെ പറയാറുണ്ട്. ഡിസ്ലെക്സിയ എന്നു വിളിക്കപ്പെടുന്ന വായിക്കുവാനുള്ള ബുദ്ധിമുട്ട്, ഡിസ്ഗ്രാഫിയ എന്ന എഴുതുവാനുള്ള ബുദ്ധിമുട്ട്, ഡിസ്കാൽക്കുലിയ എന്ന കണക്കു കൂട്ടുവാനുള്ള വിഷമാവസ്ഥ. എന്റെ ജീവിതത്തെ ശക്തമായി അലട്ടിയിരുന്ന ഇവ മൂന്നും പത്തൊമ്പതാം വയസ്സോടെ അപ്രത്യക്ഷമായി.

ഇവിടെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്, നമ്മുടെ കുട്ടികളെ ബാധിച്ചിരിക്കുന്ന, ബാധിക്കാൻ സാധ്യതയുള്ള മാനസിക ശാരീരിക വൈകല്യങ്ങൾ മറികടക്കുവാൻ ഇന്നിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാൽ സാധിക്കും എന്നു തന്നെ. ചില മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം സാഹചര്യത്തെ, അവസ്ഥയെ ഉൾക്കൊള്ളുവാൻ സമയം എടുക്കാം. ഇതിനായി ഒരു പരിശീലകന്റെ സഹായം തേടണം.

അപൂർവം ചില മാതാപിതാക്കൾ തങ്ങളുടെ കുട്ടിയുടെ മാനസിക ശാരീരികവൈകല്യങ്ങളെ തങ്ങളുടെ ദുർവിധിയായും ശിക്ഷയായും കാണാറുണ്ട്. ഇത്തരത്തിലുള്ള അബദ്ധധാരണകൾ മാതാപിതാക്കളുടെ മാനസിക ശാരീരിക ആരോഗ്യത്തെയും കുടുംബത്തിന്റെ കെട്ടുറപ്പിനെയും സമൂഹബന്ധത്തെയും ബാധിക്കും. ചില മുതിർന്നവർ ഇത്തരം കുട്ടികൾക്കു ജന്മം നൽകിയ മാതാപിതാക്കളെ വളരെ നിശിതമായി വിമർശിക്കുന്നതും കണ്ടുവരാറുണ്ട്. പ്രപഞ്ചസ്രഷ്ടാവ് ഇത്തരം കുട്ടികളുടെ മാതാപിതാക്കളിലൂടെ മറ്റുള്ളവർക്ക് കാരുണ്യത്തിന്റെ, നന്മയുടെ, സ്നേഹത്തിന്റെ, സഹനത്തിന്റെ, ആശ്വാസത്തിന്റെ, സഹിഷ്ണുതയുടെ, ആത്മധൈര്യത്തിന്റെ മാതൃക നല്കുവാൻ ആഗ്രഹിക്കുന്നു എന്നു നാം മനസ്സിലാക്കണം. അതിനാൽത്തന്നെ, ഇത്തരം കുട്ടികളുടെ ജനനം അവരുടെ മാതാപിതാക്കളുടെ ദുർവിധിയല്ല; മറിച്ച്, പ്രപഞ്ചസ്രഷ്ടാവിന്റെ അനന്തകാരുണ്യത്തിന്റെ അടയാളമായി കാണണം.

സമൂഹത്തിലെ പല പ്രശസ്തരായ വ്യക്തികളും തങ്ങളുടെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പൊതുസമൂഹത്തിൽ പ്രമുഖസ്ഥാനം നൽകുന്നതും അവരെ മറ്റുള്ള കുട്ടികളെപ്പോലെതന്നെ പരിഗണിക്കുന്നതും ശ്രദ്ധിച്ചിട്ടുണ്ടാവും. സമൂഹത്തിന്റെ ചിന്ത ഒരിക്കലും ഇടുങ്ങിയതല്ല. അതുകൊണ്ടു തന്നെ, ഇത്തരം കുട്ടികളെ മാതാപിതാക്കൾ ധൈര്യപൂർവം സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കണം. സമൂഹം അവരെ ശരിയായ അർത്ഥത്തിൽത്തന്നെ സ്വീകരിക്കും.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കൗൺസലിങ് - ചികിത്സാസഹായം നൽകുവാൻ മടിക്കാതിരിക്കുക. ശരിയായ രോഗനിർണയം ഇത്തരം പ്രശ്നങ്ങളെ പരിഹരിക്കുവാനും കുറയ്ക്കുവാനുമുള്ള കൗൺസലിങ് - ചികിത്സാരീതികളിലേക്കു നയിക്കും. ■

# മരിയഭക്തിയിൽ വിരിഞ്ഞ വിശുദ്ധപുഷ്പം



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**2022 മേയ് 15-ാം തീയതി വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട മരിയ ദൊമിനിക്ക മന്തോവാനി (1862 – 1934) യെക്കുറിച്ച്**

തിരുക്കുടുംബത്തിന്റെ കൊച്ചുസഹോദരിമാർ എന്ന സന്ന്യാസസമൂഹത്തിന്റെ സഹസ്ഥാപികയായിട്ടാണ് മരിയ ദൊമിനിക്ക മന്തൊവാനി ഓർമിക്കപ്പെടുന്നത്. വാഴ്ത്തപ്പെട്ട യൂസേപ്പേ നാഷിംബേനി എന്ന അവരുടെ ഇടവകവികാരിയാണ് പാവപ്പെട്ടവരെയും അനാഥരെയും ശുശ്രൂഷിക്കാനുള്ള മരിയയുടെ ആഗ്രഹത്തിനു പ്രോത്സാഹനം നല്കിയതും ഒരു സന്ന്യാസസമൂഹം ആരംഭിക്കാൻ എല്ലാ സഹായസഹകരണങ്ങളും ചെയ്തതും. അദ്ദേഹം 1988 ഏപ്രിൽ 17 നു വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ടു.



വിശുദ്ധ മരിയ ദൊമിനിക്ക മന്തോവാനി

മരിയ ദൊമിനിക്ക മന്തോവാനി വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ടത് 2003 ഏപ്രിൽ 27-ാം തീയതി വത്തിക്കാനിൽ വച്ചാണ്.

അർജന്റീനായിലെ ബാഹിയ ബ്ലാങ്കാ എന്ന പട്ടണത്തിൽ നടന്ന ഒരദ്ഭുതമാണ് വിശുദ്ധപദവി പ്രഖ്യാപനത്തിനായി അംഗീകരിച്ചത്.

വി. മരിയ ദൊമിനിക്ക ജനിച്ചത് 1862 നവംബർ 12-ാം തീയതി ഇറ്റലിയിൽ വെറോണായ്ക്കു സമീപം കസ്തലേത്തോ ദിബ്രെൻസ്സോണെ എന്ന സ്ഥലത്താണ്. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം തുടർപഠനം നടത്താൻ വീട്ടിലെ സാമ്പത്തികസ്ഥിതി അനുവദിച്ചില്ല. പ്രാർത്ഥനയിലും ദൈവികകാര്യങ്ങളിലും വലിയ താത്പര്യം പുലർത്തിയിരുന്ന മരിയ ദൊമിനിക്ക വിശ്വാസപരിശീലനക്ലാസുകളിൽ കൃത്യമായി പങ്കെടുത്തിരുന്നു. പിന്നീട്, കുഞ്ഞുങ്ങളുടെ മതബോധനം, രോഗീശുശ്രൂഷ തുടങ്ങിയ കാര്യങ്ങളിൽ വ്യാപൃതനായി.

അമലോദ്ഭവമാതാവിന്റെ വലിയ ഭക്തയായിരുന്ന മരിയ ദൊമിനിക്ക 1886 ഡിസംബർ 8-ാം തീയതി ബഹുമാനപ്പെട്ട വികാരി ഫാ. യൂസേപ്പേ നാഷിംബേനേയുടെ പക്കൽ, ജീവിതകാലം മുഴുവൻ കന്യാത്വം പാലിച്ചുകൊള്ളാമെന്നു വ്രതമെടുത്തു.

1892 ൽ തിരുക്കുടുംബത്തിന്റെ കൊച്ചുസഹോദരിമാർ എന്ന സന്ന്യാസസമൂഹം സ്ഥാപിച്ചു. അതിനെല്ലാം ഉപദേശവും സഹകരണവും നല്കിയത് ഫാ. യൂസേപ്പേ നാഷിംബേനെയായിരുന്നു. വിനയത്തിലും ആഴമായ ദൈവഭക്തിയിലും ജീവിക്കുകയും സന്ന്യാസിനികൾക്കു തദനുസരണം ജീവിക്കാൻ മാതൃകയാവുകയും ചെയ്തു.

അവർ മരിക്കുന്നതിനുമുമ്പ് സന്ന്യാസസഭയുടെ നിയമാവലി അംഗീകരിച്ചു കിട്ടുകയും 150 ഭവനങ്ങളിലായി 1200 അംഗങ്ങളുള്ള സന്ന്യാസസമൂഹമായി വളർച്ച പ്രാപിക്കുകയും ചെയ്തു. 1934 ഫെബ്രുവരി രണ്ടാം തീയതിയാണ് മരിയ ദൊമിനിക്ക ദൈവസന്നിധിയിലേക്കു യാത്രയായത്.

ഫെബ്രുവരി രണ്ടുതന്നെയാണ് അവരുടെ തിരുനാൾദിനമായി തിരുസ്സഭ ആചരിക്കുന്നത്.




**ജൂലൈ 10**
**ശ്ലീഹാക്കാലം**
**ആറാം ഞായർ**

**ലേവ്യ 8 : 1–13**
**ഏശ 6 : 1–8**
**1 കോറി 1 : 26 – 31**
**മത്താ 9 : 27 – 38**

# കനിവു നിറഞ്ഞ സൗഖ്യദായകൻ



**ഡോ. തോമസ് വടക്കേൽ**

ഗലീലിയിലൂടെയും യൂദയാ സമറിയാ പ്രദേശങ്ങളിലൂടെയുമൊക്കെ ദൈവരാജ്യം പ്രസംഗിച്ചുകൊണ്ട് സഞ്ചരിച്ചിരുന്ന ഈശോ തന്റെ യാത്രയ്ക്കിടയിൽ അനേകം അദ്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചിട്ടുണ്ട്. വിശുദ്ധ മത്തായിയുടെ സുവിശേഷം 5–7 അധ്യായങ്ങളിൽ ഈശോയുടെ ഇത്തരത്തിലുള്ള ആധികാരികപ്രബോധനവും 8–9 അധ്യായങ്ങളിൽ അവിടത്തെ അദ്ഭുതപ്രവർത്തനങ്ങളും സുവിശേഷകൻ അവതരിപ്പിക്കുന്നുണ്ട്. പത്ത് അടയാളങ്ങൾ വിവരിക്കുന്ന ഈ അധ്യായങ്ങളിലെ അവസാന രണ്ട് അദ്ഭുതങ്ങളും (അന്ധനു കാഴ്ച, ഊമനു സൗഖ്യം) അതിനോടു ചേർന്ന പഠിപ്പിക്കലുകളുമാണ് സൗഖ്യദായകസംഭവങ്ങളുടെ വിവരണ ശൈലിയിൽ (healing narrative style) ശ്ലീഹാക്കാലം ആറാം ഞായറാഴ്ചത്തെ സുവിശേഷത്തിന്റെ (മത്താ. 9:27–38) ഉള്ളടക്കം.

യേശു അവിടെനിന്നു കടന്നുപോകുമ്പോൾ രണ്ട് അന്ധന്മാർ ദാവീദിന്റെ പുത്രാ, ഞങ്ങളിൽ കനിയണമേ എന്നു കരഞ്ഞപേക്ഷിച്ചുകൊണ്ട് അവനെ അനുഗമിച്ചു (9:27). ഒമ്പതാം അധ്യായത്തിൽ വിവരിക്കുന്ന ഈ അടയാളങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത് പരസ്യജീവിതകാലത്തെ ഈശോയുടെ പ്രധാനപ്രവർത്തനമേഖലയായ കഫർണാമി(9:1)നോടു ബന്ധപ്പെട്ടാണ്. അവിടെനിന്ന് ഈശോ ഇതരസ്ഥലങ്ങളിലേക്കു യാത്രയാകുമ്പോഴാണ് ഈ അദ്ഭുതങ്ങൾ നടക്കുന്നത്. ഈശോയുടെ 'കടന്നുപോകലുകൾ' അനുഗ്രഹത്തിന്റെയും സൗഖ്യത്തിന്റെയുമാണ്. അക്കാരണത്താലാവണം രണ്ട് അന്ധന്മാർ കനിവുതേടി അവിടുത്തെ വിളിച്ചപേക്ഷിക്കുന്നത്. 'കുരുടൻ, അന്ധൻ (blind) എന്നർത്ഥം. വരുന്ന തുഫ്ലോസ് (tuphlos) എന്ന ഗ്രീക്കുപദം ഭൗതികമായ അന്ധതയെയും (physical blindness) ആത്മീയമായ അന്ധതയെയും (spiritual blindness) കുറിക്കുന്ന പദമാണ്. ഈ അന്ധന്മാർക്ക് ആത്മീയകാഴച ഉണ്ടായിരുന്നു. കാരണം, അവർ ഈശോയെ ഇതിനകം തിരിച്ചറിയുകയും അവിടുന്നിൽ വിശ്വസിക്കുകയും ചെയ്തിരുന്നു. ഈശോയെ അറിയാതെയും അനുഭവിക്കാതെയുമിരിക്കുക എന്നതാണ് ആത്മീയാന്ധത.

അന്ധന്മാർ സമൂഹത്തിൽ വിലയില്ലാത്തവരും സ്ഥാനങ്ങൾ ഇല്ലാത്തവരുമായിരുന്നു. അന്ധത ദൈവത്തിന്റെ വിധിയുടെ ഫലമാണെന്നും പൂർവികരുടെ പാപത്തിന്റെ ഫലമാണെന്നും പൊതുവെ പഴയകാലത്ത് യഹൂദർ കരുതിയിരുന്നു. ഇക്കൂട്ടർക്കു ദൈവത്തിനു ബലിയർപ്പിക്കാൻപോലുമുള്ള അനുവാദമോ അവകാശമോ ഉണ്ടായിരുന്നില്ല (ലേവ്യ 21:18–20).

വലിയ പ്രതീക്ഷയോടെയാണ് ഈ അന്ധന്മാർ ഈശോയെ വിളിക്കുന്നത്. 'ദാവീദിന്റെ പുത്രാ' എന്ന് അവർ അഭിസംബോധന ചെയ്യുന്നു. യഹൂദർ പ്രതീക്ഷിച്ചിരുന്ന മിശിഹാ(christ)യാണ് ഈശോ എന്ന തിരിച്ചറിവിൽനിന്നാണ് ഈ വിളി. ഈ അഭിസംബോധന സൂചിപ്പിക്കുന്നത് ഈശോയിലെ രാജകീയവ്യക്തിത്വത്തെയാണ്. അന്ധരുടെ യാചന ഈശോയുടെ കനിവിനുവേണ്ടിയാണ്. കരുണ തോന്നുക, ദയവുണ്ടാകുക, (be merciful, take pity, have compassion) എന്നർത്ഥം വരുന്ന എലെയോ (eleeo) എന്ന ഗ്രീക്കു ക്രിയാപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈശോയുടെ കാരുണ്യത്തിന്റെയും കരുതലിന്റെയും മുഖമാണ് ഈ അപേക്ഷ സൂചിപ്പിക്കുന്നത്.

ഈശോയെ അനുഗമിക്കുന്നവർക്കാണ് അവിടുത്തെ സൗഖ്യത്തിന്റെ അനുഭവം സംലഭ്യമാകുന്നത്. ഈ രണ്ട് അന്ധന്മാർ ഉറക്കെ കരഞ്ഞപേക്ഷിച്ചുകൊണ്ട് ഈശോയെ പിൻതുടർന്നു. അനുഗമിക്കുക (follow, go after) എന്നർത്ഥം വരുന്ന അകൊലുത്തെയോ(akolutheo) എന്ന ക്രിയാപദം സൂചിപ്പിക്കുന്നത് ശിഷ്യത്വപരമായ ഒരു അനുഗമനത്തെയാണ്. ഈശോയുടെ വഴികളിലൂടെ യാത്ര ചെയ്യുന്നതിന്റെ അടയാളമാണിത്. ശിഷ്യന്മാർ ഈശോയുടെ പാതകൾ പിൻതുടരുന്നവരും പിൻതുടരേണ്ടവരുമാണ്. ഈ അന്ധന്മാർ അവിടുത്തെ ശിഷ്യരായി മാറുകയാണിവിടെ.

ഈശോ കഫർണാമിലെ പത്രോസിന്റെ വീട്ടിൽ എത്തിയപ്പോൾ ഈ അന്ധന്മാർ അവിടുത്തെ സമീപിച്ചു (cf 9:28). പ്രോസ് എർക്കോമായി (proserchomai) എന്ന ക്രിയാപദത്തിന്റെ വാച്യാർത്ഥം 'സമീപിക്കുക' (approach) എന്നാണെങ്കിലും ഇതിന്റെ ആലങ്കാരിക (metaphorical, figurative) അർത്ഥം പൂർണമായി അർപ്പിക്കുക (devote oneself to) എന്നാണ്. അന്ധന്മാരുടെ പൂർണമായ ഒരു സമർപ്പണമാണ് നാം ഇവിടെ കാണുന്നത്. ഈശോയിലേക്കുള്ള അവരുടെ പൂർണമായ ഒരു ചായ്‌വാണിത്.

അവരുടെ വിശ്വാസത്തെ പരീക്ഷിച്ചുകൊണ്ടുള്ള ഈശോയുടെ ചോദ്യത്തിന് അവർ ഇരുവരുടെയും മറുപടി 'അതെ കർത്താവേ എന്നായിരുന്നു (cf 9:29). ഈശോയെ അവർ കർത്താവേ' (കിരിയോസ് - Kyrios = Lord) ആയി അംഗീകരിക്കുകയും ഏറ്റുപറയുകയുമാണിവിടെ. വിശ്വാസം പൂർണമായി ഏറ്റുപറയുമ്പോഴാണ് സൗഖ്യം ലഭിക്കുന്നത്. ഈശോ കർത്താവ് (Lord) ആണെന്നും അവിടുന്ന് മിശിഹാ (Christ) ആണെന്നും അവർ വിശ്വസിച്ചതും ഉറക്കെ പ്രഘോഷിച്ചതും അവർക്കു കർത്താവിന്റെ കനിവുണ്ടാകാൻ കാരണമായി.



ഈശോ അവരുടെ കണ്ണുകളിൽ തൊട്ടു സുഖപ്പെടുത്തി (cf 9:30). ഇതൊരു ദൈവിക സ്പർശനം (Divine Touch) ആണ്. ഈശോയെ തൊടുന്നവരും ഈശോ തൊടുന്നവരും സൗഖ്യം പ്രാപിക്കുന്നതായി വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട് (ലൂക്കാ 8:43–48). തൊടുക (touch) എന്നർത്ഥം വരുന്ന ഹപ്തോ (hapto) എന്ന ഗ്രീക്ക് വാക്കിന് പ്രകാശം തെളിക്കുക (kindle, light) എന്ന അർത്ഥങ്ങൾകൂടിയുണ്ട്. ഈശോ അവരുടെ ജീവിതത്തിലേക്കു പ്രകാശം നൽകിയവനാണ്. കാരണം, അവിടുന്ന് പ്രകാശമാണ് (യോഹ. 8:12, 9:15).

രണ്ടാമത്തെ അദ്ഭുതം ഊമനെ സുഖപ്പെടുത്തുന്നതാണ് (9: 32–34). ജനങ്ങളാണ് പിശാചുബാധിതനായ ഊമനെ (a demoniac who was mute) ഈശോയുടെ അടുക്കലേക്കു കൊണ്ടുവരുന്നത്. ഈ വ്യക്തി ഊമനായിരിക്കുന്നതിനു കാരണം പിശാചുബാധയാണെന്നാണ് അവർ മനസ്സിലാക്കിയിരിക്കുന്നത്. ഇത് ഒരു യഹൂദ കാഴ്ചപ്പാടായിരുന്നു. മനുഷ്യവർഗത്തിനു നേരേ തിന്മ പ്രവർത്തിക്കുന്ന ദുഷ്ടാരൂപികളായ പിശാച് (demon) ശാരീരികവും മാനസികവുമായ പല രോഗങ്ങളുടെയും കാരണമായി അവർ കരുതിയിരുന്നു (മത്താ. 17:15,18; ലൂക്കാ 9:39). "പിശാചുബാധിതനു സൗഖ്യം ലഭിക്കുന്നത് ഈ demon അവനിൽനിന്നു പുറത്തുപോകുമ്പോഴാണ്. അക്കാരണത്താലാണ് 'പുറത്തു വരിക' എന്ന ശാസനയിലൂടെ ഈശോ പിശാചുബാധിതരെ സുഖപ്പെടുത്തിയിരുന്നത് (മർക്കോ 1:25). ഇവിടെ മത്തായി സുവിശേഷകൻ ശാസന അവതരിപ്പിക്കുന്നില്ലായെങ്കിലും എക്ബല്ലോ (ekballo) എന്ന ക്രിയാപദത്തിലൂടെ പുറത്താക്കി (cast out) എന്നാണ് എഴുതിയിരിക്കുന്നത്. പൈശാചികത എപ്പോഴും ഓരോരുത്തരെയും വിവിധ ബന്ധനങ്ങളിൽപ്പെടുത്താറുണ്ട്. അതിൽനിന്നു പുറത്തു വരുമ്പോഴാണ് ഒരാൾക്കു സൗഖ്യവും സമാധാനവും അനുഭവപ്പെടുന്നത്.

ഈശോയുടെ സൗഖ്യം നൽകലിന് രണ്ടു പ്രതികരണങ്ങളാണ് ഉണ്ടായത്. ഒന്ന്, അദ്ഭുതത്തിനു സാക്ഷ്യം വഹിച്ച ജനം ഈശോയുടെ പ്രവർത്തനങ്ങളിൽ അദ്ഭുതസ്തബ്ധരായി. മിശിഹാ ചെയ്തതുപോലെയൊന്ന് ഇസ്രായേലിൽ ആരും ചെയ്തിട്ടില്ല എന്ന് അവർ ഏറ്റുപറഞ്ഞു. രണ്ട്, ഫരിസേയരുടെ പ്രതികരണം ജനങ്ങളുടേതിൽനിന്നു വ്യത്യസ്തമാണ്. ദൈവികശക്തി അംഗീകരിക്കാതെ പിശാചിന്റെ ശക്തിയെക്കുറിച്ചു പറയുന്ന നിഷേധാത്മക (negative) നിലപാടാണ് അവർ സ്വീകരിച്ചത്. നന്മയായതിൽ തിന്മ കണ്ടെത്തുന്നതാണ് യഹൂദപ്രതികരണം ഈശോ ദുഷ്ടശക്തികളുടെ സഖ്യത്തിലാണെന്നതാണ് യഹൂദരുടെ ആരോപണവും ആക്ഷേപവും. ഇത് ഈശോയുടെ പ്രതിയോഗികളുടെ നിലപാടാണ്. ഈശോയെ അറിയുന്നവർ, അംഗീകരിക്കുന്നവർ എപ്പോഴും ഭാവാത്മകമായ നിലപാടായിരിക്കും സ്വീകരിക്കുന്നത്.

ഈ സുവിശേഷഭാഗം അവസാനിക്കുന്നത് ഈശോയുടെ പരസ്യശുശ്രൂഷയുടെ സംക്ഷിപ്തരൂപത്തോടെയാണ് : 1. പഠിപ്പിക്കുക, 2. പ്രസംഗിക്കുക 3. സൗഖ്യം നൽകുക. ഈ യാത്രകളിൽ നിസ്സഹായരായവരോട് ഈശോയുടെ ഭാവം അനുകമ്പയുടേതായിരുന്നു. സ്പ്ലാൻങ്കനീസോമായ് (splanchanizomai) എന്ന ഗ്രീക്ക് ക്രിയാപദം ഈശോയുടെ കരുതലിനെയും (feel sympathy) അനുകമ്പ (compassion) യെയും കുറിക്കുന്നു.


**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**രേണു സിബിൻ**
**കൈതക്കോട്ടിൽ**

# ചിറ്റാറിന് അനുഗ്രഹമായി സെന്റ് ജോർജ് ദൈവാലയം



## ജപമാലയിൽ വിരിയുന്ന ചിറ്റാറിന്റെ സുപ്രഭാതങ്ങൾ

നഗരത്തിരക്കിൽനിന്നു മാറി റബർമരങ്ങൾ അതിരിടുന്ന പ്രകൃതിരമണീയമായ ഗ്രാമാന്തരീക്ഷത്തിൽ കുന്നിൻമുകളിലാണ് പൗരസ്ത്യ സുറിയാനി വാസ്തുകലാരീതിയിൽ മനോഹരമായ ദൈവാലയം നിർമിച്ചിരിക്കുന്നത്. ചിറ്റാറിലെ പുതിയ ദൈവാലയം 2022 ജൂൺ 19 ന് കൂദാശചെയ്യപ്പെട്ടു. ദൈവാലയത്തിനുചുറ്റും പുഴ ഒഴുകുന്നതുകൊണ്ട് ചുറ്റാർ കാലക്രമേണ ചിറ്റാർ ആവുകയായിരുന്നു. 1886 ലാണ് ദൈവാലയം സ്ഥാപിതമായത്. 136 വർഷം പിന്നിടുന്ന ദൈവാലയത്തിൽ 48 വൈദികർ അജപാലനശുശ്രൂഷ ചെയ്തു. ആദ്യദൈവാലയം 1886 ലാണ് നിർമിക്കപ്പെട്ടത്. 1970 ൽ പുതുക്കിപ്പണിത ദൈവാലയം കൂദാശ ചെയ്തു. പിന്നീട് പുതിയ ദൈവാലയത്തിന്റെ ശിലാസ്ഥാപനം 2018 മേയ് ആറിനു പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. 2019 ജനുവരി ആറിന് ദൈവാലയത്തിന്റെ നിർമാണപ്രവർത്തനങ്ങൾ ആരംഭിച്ചു. വളരെയേറെ പ്രതിസന്ധികളിലൂടെയാണ് പുതിയ ദൈവാലയത്തിന്റെ നിർമാണപ്രവർത്തനങ്ങൾ മുന്നോട്ടുപോയത്. പ്രളയം, കൊവിഡ് മഹാമാരി എന്നിവ പ്രതിസന്ധി സൃഷ്ടിച്ചുവെങ്കിലും ഏറ്റവും ഭംഗിയായി നിർമാണത്തിന്റെ പരിസമാപ്തിയിലെത്തിയത് പരിശുദ്ധ കന്യകാമറിയത്തിന്റെയും ഇടവകമധ്യസ്ഥനായ വിശുദ്ധ ഗീവർഗീസ് സഹദായുടെയും മാധ്യസ്ഥ്യംവഴി കൈവന്ന ദൈവാനുഗ്രഹത്താലാണ്.

യാചനകൾക്ക് ഉത്തരവും വേദനകൾക്ക് സാന്ത്വനവും വിതുമ്പലുകൾക്ക് ആശ്വാസവും പകരുന്ന ചിറ്റാർ പള്ളിയുടെ മാതൃസന്നിധി ഇടവകകുടുംബത്തിന്റെ മാത്രമല്ല നാനാജാതിമതസ്ഥരുടെയും ആശ്വാസമാണ്. പുലർച്ചെ ആറിനു ദിവ്യകാരുണ്യ സന്നിധിയിൽ ജപമാല ചൊല്ലിയാണ് ചിറ്റാർ ഇടവകയുടെ ഓരോ പ്രഭാതവും പൊട്ടിവിടരുന്നത്. ശനിയാഴ്ചകളിൽ നടക്കുന്ന ആയിരംമണി ജപമാല അദ്ഭുതങ്ങളുടെ തിരുമണിക്കൂറുകളാണ്. ഉച്ചയ്ക്ക് 12 ന് ആരംഭിക്കുന്ന ജപമാല



പൗരസ്ത്യ സുറിയാനിരീതിയിലുള്ള അൾത്താര

വൈകുന്നേരം അഞ്ചിന് വിശുദ്ധ കുർബാനയോടെയാണു സമാപിക്കുക. രോഗീസൗഖ്യം, സന്താനസൗഖ്യം, ജോലി, വിദേശത്തു പഠനം, വിവാഹം, മാറാരോഗങ്ങൾക്കു സൗഖ്യം തുടങ്ങി നിരവധി സാക്ഷ്യങ്ങളാണു നൽകികൊണ്ടിരിക്കുന്നത്.

പുതിയ ദൈവാലയത്തിന്റെ കവാടത്തിലുള്ള ഗ്രോട്ടോ മാതൃഭക്തിയുടെ നേർസാക്ഷ്യമായി നിലകൊള്ളുന്നു. മാതൃഭക്തിപോലെതന്നെയാണ് ഇടവകമധ്യസ്ഥനായ വിശുദ്ധ ഗീവർഗീസ് സഹദായോടുള്ള ഭക്തിയും. വിശുദ്ധന്റെ തിരുശേഷിപ്പുള്ള സീറോ മലബാർ സഭയിലെ അപൂർവം ദൈവാലയങ്ങളിലൊന്നാണ് ചിറ്റാർ. വിശുദ്ധ ഗീവർഗീസ് സഹദാ ചിറ്റാറുകാർക്ക് ചിറ്റാർവല്യച്ചനാണ്. വെള്ളിയാഴ്ചകളിൽ നടക്കുന്ന നൊവേനയിൽ പങ്കെടുക്കാനും തിരുശേഷിപ്പു വണങ്ങാനും ധാരാളം ആളുകൾ എത്തുന്നു. ഏപ്രിൽ മാസത്തിൽ നടക്കുന്ന ഏഴു ദിവസത്തെ നൊവേനത്തിരുനാളും പ്രദക്ഷിണവും ഊട്ടുനേർച്ചയും ഇടവകയുടെ ആത്മീയോത്സവമാണ്. അനുഗ്രഹമാരി ചൊരിയുന്ന പരിശുദ്ധ അമ്മയും തിരുശേഷിപ്പിലൂടെ അനുഗ്രഹം വർഷിക്കുന്ന വിശുദ്ധ ഗീവർഗീസുമാണ് ചിറ്റാറിന്റെ കൃപാചൈതന്യം.



ചിറ്റാർ പള്ളി വികാരി ഫാ. ഡോ. മാത്യു പുന്നത്താനത്തുകുന്നേലും കൈക്കാരന്മാരും യോഗപ്രതിനിധികളും നിർമാണക്കമ്മറ്റിയംഗങ്ങളും

## നിർമാണം പൗരസ്ത്യസുറിയാനി രീതിയിൽ

പതിനായിരം ചതുരശ്രയടിയിൽ പൗരസ്ത്യ സുറിയാനി വാസ്തുകലാരീതിയിലാണ് പുതിയ ദൈവാലയവും അൾത്താരയും നിർമിച്ചിരിക്കുന്നത്. ആയിരം പേർക്ക് ഒരേസമയം തിരുക്കർമങ്ങളിൽ പങ്കെടുക്കാൻ സാധിക്കും. ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തെ സൂചിപ്പിക്കുംവിധം രാജാധിരാജനായ യേശുക്രിസ്തുവിന്റെ ചിത്രമാണ് അൾത്താരയിലുള്ളത്. ഇരുവശങ്ങളിലുമായി മാർത്തോമ്മാശ്ലീഹായുടെയും പരിശുദ്ധ മാതാവിന്റെയും മാർ യൗസേപ്പിന്റെയും ഇടവക മധ്യസ്ഥനായ വിശുദ്ധ ഗീവർഗീസ് സഹദായുടെയും രൂപങ്ങളുമുണ്ട്.

അൾത്താരയുടെ ഇടതുവശത്തായി ക്രൂശിതരൂപവും വലതുവശത്തായി യേശുവിന്റെ ജ്ഞാനസ്നാനവും ചിത്രീകരിച്ചിരിക്കുന്നു. അന്ത്യത്താഴം, പെന്തക്കുസ്ത, സ്വർഗാരോഹണം എന്നീ കാൻവാസ് പെയിന്റിങ്ങുകൾ ദൈവാലയത്തെ മനോഹരമാക്കുന്നു. ഈശോയുടെ ജനനംമുതൽ സ്വർഗാരോഹണംവരെയുള്ള സംഭവങ്ങൾ ഗ്ലാസ് പെയിന്റിങ്ങിൽ ആലേഖനം ചെയ്തിട്ടുണ്ട്. പള്ളിയുടെ മുമ്പിൽ ക്രിസ്തുരാജന്റെ അതികായരൂപം സ്ഥാപിച്ചിരിക്കുന്നു. പിന്നിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെയും ഇരുവശങ്ങളിലുമായി മാതാവിന്റെയും മാർ യൗസേപ്പിതാവിന്റെയും രൂപങ്ങളുമുണ്ട്. ഇതു കൂടാതെ കൽക്കുരിശ്, കൊടിമരം, മണിമാളിക, പള്ളിയുടെ മുമ്പിലുള്ള നടയുടെ സമീപത്തായി പിയാത്ത, ഗ്രോട്ടോ എന്നിവയും ദൈവാലയത്തെ മനോഹരമാക്കുന്നു. കല്ലിൽ തീർത്ത 40000 ചതുരശ്രയടി കെട്ടും പശ്ചാത്തലവുമാണുള്ളത്.

Deepanalam Weekly

RNI No : 16998/68
Vol. 55 No. 18 Date of Publication 30 June 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

# MARIAN INSTITUTE OF MEDICAL TECHNOLOGY

## ALLIED HEALTH SCHOOL C/O MARIAN MEDICAL CENTRE

**BHARAT SEVAK SAMAJ (BSS) National Development Agency Promoted by Govt of India, New Delhi**

എസ്.എസ്.എൽ.സിയോ അതിലുപരിയോ വിദ്യാഭ്യാസയോഗ്യതയുള്ള അവിവാഹിതരായ പെൺകുട്ടികളിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. പ്രായപരിധി 17–35 yrs.



**COURSES**

1. MEDICAL LABORATORY TECHNICIAN (2 Years)
2. PATIENT CARE (1 Year)
3. OPERATION THEATRE TECHNICIAN (1 Year)
4. DIALYSIS TECHNICIAN (1 Year)

**CONTACT NO: 9562586747**

**ADMINISTRATOR, MARIAN MEDICAL CENTRE**
**ARUNAPURAM P.O. PIN - 686 574, PALA, KOTTAYAM (DT) KERALA**



**അഡ്മിഷൻ തുടരുന്നു**

# +2 SCIENCE COMMERCE HUMANITIES

**B.A. - All subjects (M.G. University)**
**B.Com - Finance and Taxation, Co-Operation**
**M.A. - Malayalam, History**

# 6 മാസംകൊണ്ട് +2, 10

**നാഷണൽ ഓപ്പൺ സ്കൂൾ (NIOS)**

- +2, +1 തോറ്റവർക്കും 10 ജയിച്ചവർക്കും
- 6 മാസംകൊണ്ട് +2 കരസ്ഥമാക്കാം
- എല്ലാ ഗ്രൂപ്പും. എല്ലാ അംഗീകാരവും ഉണ്ട്
- തുടർന്നും പഠിക്കാം
- ലളിതമായ സിലബസ്
- 5 വിഷയങ്ങൾ പഠിച്ചാൽ മതി
- 14 വയസ്സ് തികഞ്ഞ ആർക്കും 10 എഴുതാം

**1 വർഷം കൊണ്ട് ഹിന്ദി അധ്യാപകരാകാം**

എസ്.എസ്.എൽ.സി. വിജയികൾക്ക് 1½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷം കൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.

**കേരള ഗവൺമെന്റ് – PSC അംഗീകൃതം**

**റെക്കോർഡ് ഓൺലൈൻ വീഡിയോ ക്ലാസുകൾ**

33 വർഷമായി വിവിധ കോഴ്സുകളിലായി പതിനായിരക്കണക്കിന് വിദ്യാർത്ഥികളെ വിജയിപ്പിച്ച് കോട്ടയം ജില്ലയിൽ റിക്കോർഡ് സ്ഥാപിച്ച സ്ഥാപനം. വിദ്യാർത്ഥികളുടെ എണ്ണത്തിലും വിജയത്തിലും ഒന്നാമത്.

**Regular, Holiday, Postal & Online Classes**

33 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ

മരിയൻ ഹോസ്പിറ്റൽ Jn., **അരുണാപുരം പി. ഒ. പാലാ**

Govt.V.H.S.S. ന് സമീപം **പൊൻകുന്നം**

**Ph: 9495195739, 9495021259**

**+ 2 പരാജിതർക്ക് 3 വിഷയം മാത്രം**

കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.co